# ദി ഡിഫൻഡർ

Vol. No. 9 Issue No. 10 RNI Reg. No. 68089 / 97 Published From Perumbavoor 2006 MAY 16 Price: Rs.100/- P.A.


# കുര്യൻ പ്രശ്നം: ഐ.പി.സി. കുഴയുന്നു

കെ.പി.കുര്യന്റെ മുമ്പിൽ ഐ.പി.സി. അടിയറവ് പറയുകയാണ്. ആമല്ലൂർ സഭയിൽ നിന്നും കുര്യനെ പുറത്താക്കാനുള്ള തന്ത്രങ്ങളെല്ലാം നിഷ്ഫലമായി. കുര്യനെ ഐ.പി.സിയിൽ നിന്ന് പുറത്താക്കിയിട്ട് മാസങ്ങളായെങ്കിലും കുര്യൻ ഇപ്പോഴും ആമല്ലൂർ സഭയിൽ ശുശ്രൂഷ ചെയ്യുകയാണ്. അതവസാനിപ്പിച്ച് കുര്യനെ പുറത്താക്കാനുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെട്ടിരിക്കയാണ്.

സഭയിൽ നിന്നും പുറത്താക്കിയെന്നറിഞ്ഞാൽ സാധാരണക്കാരായ പാസ്റ്റർമാർ ശുശ്രൂഷ അവസാനിപ്പിച്ച് സ്ഥലം വിടും. പക്ഷേ കുര്യൻ അതല്ല ചെയ്തത്. പുറത്താക്കലിനെതിരെ കുര്യൻ കോടതിയെ സമീപിച്ചു. ആ കേസ്സ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ തീരുമാനം വരുന്നതുവരെ ആമല്ലൂർ സഭയുടെ ശുശ്രൂഷയിൽ തുടരാനാണ് കെ.പി.കുര്യന്റെ തീരുമാനം. സഭയിലുള്ള ചിലർ കുര്യന് എല്ലാവിധ പിൻതുണ നൽകുന്നുമുണ്ട്.

എങ്ങനെയെങ്കിലും കുര്യനെ ആമല്ലൂർ സഭയിൽ നിന്നും പുറത്താക്കിയേ അടങ്ങൂ എന്ന വാശിയിലാണ് എതിർപക്ഷം. ഇവർക്ക് ഐ.പി.സി. നേതാക്കൻമാരുടെ പിൻതുണയുമുണ്ട്. ഇവരുടെ ആവശ്യപ്രകാരം ഐ.പി.സി. നേതൃത്വം മറ്റൊരു പാസ്റ്ററെ ആമല്ലൂർ സഭയിലേക്ക് നിയമിക്കയും ചെയ്തിട്ടുണ്ട്.

മെയ് 7ന് ഇവർ പുതിയ പാസ്റ്ററുമായി ആമല്ലൂർ സഭയിലെത്തി. കുര്യന്റെ അനുവാദം കൂടാതെ സഭായോഗം നടത്തുകയായിരുന്നു ലക്ഷ്യം. കുര്യൻ എതിർക്കുമെന്നും അപ്പോൾ പോലീസിന്റെ സഹായത്തോടെ സഭാഹാൾ പിടിച്ചെടുക്കാമെന്നും കണക്കുകൂട്ടിയിരുന്നു. പക്ഷേ മനസ്സിൽ കണ്ടതെല്ലാം വടികുത്തിപ്പിരിഞ്ഞു. കുര്യൻ പ്രശ്നമുണ്ടാക്കിയില്ല. എതിർപക്ഷത്തോടൊപ്പം ചേർന്ന് കുര്യനും കൂട്ടരും സഭായോഗം നടത്തി.

മുൻകൂട്ടി അറിയിച്ചിരുന്നതനുസരിച്ച് പോലീസും ആർ.ഡി.ഒയും സ്ഥലത്തെത്തിയെങ്കിലും പ്രശ്നമൊന്നുമില്ലാത്തതിനാൽ അവർ മടങ്ങിപ്പോയി. കുര്യനെ ഐ.പി.സിയിൽ നിന്നും പുറത്താക്കിയിട്ടുള്ളതാണെന്നും അതുകൊണ്ട് കുര്യനെ സഭയിൽ നിന്നും പുറത്താക്കിത്തരണമെന്നും മറ്റും ഐ.പി.സി. നേതാക്കൻമാർ പോലീസിനോടും ആർ.ഡി.ഒയോടും ആവശ്യപ്പെട്ടെങ്കിലും അവർ വഴങ്ങിയില്ല. ഐ.പി.സി. നേതാക്കൻമാരുടെ മുടക്കു കല്പന നടപ്പിൽ വരുത്തേണ്ട ചുമതല പോലീസിനും ആർ.ഡി.ഒയ്ക്കും ഇല്ലല്ലോ. കുര്യനെ ആമല്ലൂർ സഭയിൽ നിന്നും പുറത്താക്കാൻ ഇനി എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് ഐ.പി.സി. നേതൃത്വം.

# ശുഭാനന്ദൻ അവതാരപുരുഷൻ: മാർത്തോമാ മെത്രാപ്പോലീത്ത

ആത്മബോധോദയ സംഘ സ്ഥാപകനായ ശുഭാനന്ദൻ മനുഷ്യസമൂഹത്തിന്റെ ഉന്നതിക്കായി അവതരിച്ച ദേവനാണെന്ന് മാർത്തോമാ സഭയുടെ പരമോന്നത നേതാവായ ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം പ്രസ്താവിച്ചിരിക്കുന്നു. ആത്മാവിന് യഥാർത്ഥ ജ്ഞാനം നൽകുന്ന പുണ്യസങ്കേതമാണ് ശുഭാനന്ദാശ്രമമെന്നും മനുഷ്യരെ ഒന്നിപ്പിച്ച് ഈശ്വര തുല്യരാക്കിത്തീർക്കാൻ ശുഭാനന്ദന് കഴിഞ്ഞുവെന്നും മെത്രാപ്പോലീത്താ കൂട്ടിച്ചേർക്കുന്നു. യാക്കോബാ സഭയിലെ ദുരുപദേശങ്ങൾക്കെതിരെ നിലപാടെടുത്ത് പുറത്തായവർ രൂപം കൊടുത്ത പ്രസ്ഥാനം ഇപ്പോൾ ദേവനിലും അവതാര പുരുഷൻമാരിലും വിശ്വസിക്കുന്ന സ്ഥിതിയിലായി.

മാർ ക്രിസോസ്റ്റം ഇങ്ങനെയൊന്നും പറഞ്ഞിരിക്കില്ലെന്നും ഡിഫെൻഡർ കള്ളം പറയുകയാണെന്നും വിശ്വസിക്കുന്നവർ ഉണ്ടാകാം. അങ്ങനെയുള്ളവർ മലയാള മനോരമയിൽ മെയ് 9ന് വന്ന വാർത്ത വായിക്കുക.

അവതാരം, ദേവൻ എന്നീ വാക്കുകളുടെ അർത്ഥം അറിയാത്ത ആളാണ് മാർ ക്രിസോസ്റ്റം എന്ന് തോന്നുന്നില്ല. ആത്മാവിന് യഥാർത്ഥ ജ്ഞാനം നൽകുന്ന പുണ്യ സങ്കേതമാണ് ശുഭാനന്ദാശ്രമമെങ്കിൽ മാർ ക്രിസോസ്റ്റം സകലമാന മാർത്തോമാക്കാരേയും ശുഭാനന്ദാശ്രമത്തിലേക്ക് പറഞ്ഞുവിട്ട് യഥാർത്ഥ ജ്ഞാനം



പ്രാപിക്കാൻ അവസരമൊരുക്കണം. മനുഷ്യരെ ഈശ്വര തുല്യരാക്കാൻ ശുഭാനന്ദന് കഴിഞ്ഞെങ്കിൽ ശുഭാനന്ദൻ ക്രിസ്തുവിനേക്കാൾ വലിയവനാണെന്നു തീർച്ച. കാരണം, ഒരു മനുഷ്യനേപ്പോലും ദൈവതുല്യനാക്കാൻ ക്രിസ്തുവിന് കഴിഞ്ഞിട്ടില്ല. (യേശു ക്രിസ്തു വീണ്ടും വരുമ്പോൾ മാത്രമേ ദൈവമക്കൾ ക്രിസ്തുവിനേപ്പോലെ ആകുകയുള്ളൂ. 1 യോഹ.3:2).

കുരുടൻ കുരുടനെ വഴി കാട്ടിയാൽ ഇരുവരും കുഴിയിൽ വീഴും. ആത്മീയ അന്ധൻമാരായ ഈ തിരുമേനിമാർ സാധുക്കളെ കുഴിയിലേക്കാണ് നയിക്കുന്നത്. ഇത്തരം കൊടിയ ദുരുപദേശങ്ങൾക്കെതിരെ പ്രതികരിക്കാൻ പെന്തക്കോസ്ത് നേതാക്കൻമാർക്ക് സമയമില്ല. പരമാവധി പണമുണ്ടാക്കുക, തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിക്കുക തുടങ്ങിയവയിലൊക്കെയാണ് അവർക്കു താല്പര്യം. ശുഭാനന്ദനും മെത്രാപ്പോലീത്തായും ദേവനും അവതാരവും ഒക്കെ അതിന്റെ വഴിക്കു പോകട്ടെ. വെറുതെ എന്തിന് പുലിവാല് പിടിക്കുന്നു.

## അച്ചൻകുഞ്ഞ് എന്തുപറയുന്നു?

ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്തെങ്കിലും ദുരുപദേശം പറഞ്ഞാലുടൻ ചന്ദ്രഹാസമിളക്കുന്ന അച്ചൻകുഞ്ഞ് ഇലന്തൂർ മാർ ക്രിസോസ്റ്റത്തിനെതിരേ പ്രതികരിക്കാത്തതെന്തുകൊണ്ടെന്ന് മനസ്സിലാകുന്നില്ല. മാർ ഒസ്താത്തിയോസിന്റെ അദ്വൈത വാദം ദുരുപദേശമാണെന്നതിന് സംശയമില്ല. അത് എതിർക്കപ്പെടേണ്ടതുമാണ്. അച്ചൻകുഞ്ഞ് അതുചെയ്തു. അഭിനന്ദനങ്ങൾ. പക്ഷേ മാർ ക്രിസോസ്റ്റം പറഞ്ഞത് കൊടിയ ദുരുപദേശമാണ്. ഇതിനെതിരെ പ്രതികരിക്കാതിരിക്കാൻ പറ്റില്ല.

മനോരമയിലെ വാർത്ത അച്ചൻകുഞ്ഞ് കണ്ടില്ലെന്ന് പറയുമെന്നു തോന്നുന്നില്ല. അഥവാ കണ്ടില്ലെങ്കിൽ ഇപ്പോൾ കണ്ടല്ലോ. ഇനി അച്ചൻകുഞ്ഞ് എന്തു ചെയ്യുമെന്നറിയാൻ ഡിഫെൻഡർ കാത്തിരിക്കയാണ്.

## മനോരമയിൽ വന്ന വാർത്ത

### ശുഭാനന്ദാശ്രമം പുണ്യസങ്കേതം: മാർത്തോമ്മാ മെത്രാപ്പോലീത്ത

മാന്നാർ: അഹംഭാവം മാറ്റി ആത്മാവിനു യഥാർഥ ജ്ഞാനം നൽകുന്ന പുണ്യസങ്കേതമാണു ചെറുകോൽ ശുഭാനന്ദാശ്രമമെന്നു ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത പറഞ്ഞു.

ആത്മബോധോദയ സംഘ സ്ഥാപകൻ ശുഭാനന്ദ ഗുരുദേവന്റെ 124-ാമതു പൂരം ജന്മനക്ഷത്ര സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മനുഷ്യനു മനുഷ്യനെപ്പറ്റിയുള്ള ധാരണ നഷ്ടപ്പെട്ട കാലഘട്ടത്തിൽ മനുഷ്യ സമൂഹത്തിന്റെ ഉന്നതിക്കായി അവതരിച്ച ദേവനാണു ശുഭാനന്ദ ഗുരുദേവൻ എന്ന് അദ്ദേഹം പറഞ്ഞു.

മറ്റുള്ളവർക്കുവേണ്ടി നമ്മുടെ കഴിവുകൾ സമർപ്പിക്കണം, ഈശ്വരബോധം, ബന്ധം ഇവയുണ്ടാകണം. ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്താണ് അനുഭവം. മനുഷ്യ സമൂഹത്തെ ഒന്നിപ്പിച്ച് ഈശ്വരതുല്യരാക്കി തീർക്കാനും ശുഭാനന്ദ ഗുരുദേവനു കഴിഞ്ഞിട്ടുണ്ടെന്നു മെത്രാപ്പോലീത്ത പറഞ്ഞു.

എം. മുരളി എം. എൽ. എ. അധ്യക്ഷത വഹിച്ചു. ട്രസ്റ്റ് സെക്രട്ടറി സ്വാമി ഗോവിന്ദാനന്ദൻ, മാവേലിക്കര നഗരസഭാധ്യക്ഷ ലളിത രവീന്ദ്രനാഥ്, പ്രഫ. കെ.ആർ.സി. പിള്ള, സത്യനാഥ് മുംബൈ, പ്രഫ. ചെന്നിത്തല കൃഷ്ണൻ നായർ, സ്വാമി വിവേകാനന്ദൻ, രാജൻ പടേനിപ്പാറ എന്നിവർ പ്രസംഗിച്ചു. മഠാധിപതി സദാനന്ദസിദ്ധ ഗുരുദേവൻ അനുഗ്രഹ പ്രഭാഷണം നടത്തി.

# സി.ഡി. വിദേശത്തേക്കും അയയ്ക്കും

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ ഏഴാമത്തേതിന്റെ എഡിറ്റിംഗ് പുരോഗമിക്കുന്നു. ഭാവികാലശാസ്ത്രമാണ് ഈ സി.ഡിയുടെ വിഷയം. ദാനിയേൽ - വെളിപ്പാട് പുസ്തകങ്ങളുടെ വ്യാഖ്യാനവും ഉണ്ടായിരിക്കും.

അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മ ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിലുണ്ട്. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് നാലാമത്തെ സി.ഡിയിൽ പഠിക്കുന്നത്. ലോകമതങ്ങളാണ് അഞ്ചാമത്തെ സി.ഡിയുടെ വിഷയം. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങയെന്ന് ആറാമത്തെ സി.ഡിയിൽ വിവരിക്കുന്നു.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ആറു സി.ഡികൾക്ക് 600 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

## വിദേശത്തുള്ളവരുടെ ശ്രദ്ധയ്ക്ക്

സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നത് വലിയ ചെലവുള്ള കാര്യമായതുകൊണ്ട് ഇതുവരെ ഈ സി.ഡികൾ വിദേശത്തേക്ക് അയച്ചിരുന്നില്ല. എന്നാൽ വിദേശത്തുള്ള സഹോദരങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് സി.ഡികൾ ഇനി സൗദി ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിരിക്കയാണ്.

<u>വില: (പോസ്റ്റേജ് അടക്കം)</u>

ആദ്യത്തെ 5 സി.ഡി. (50 ക്ലാസ്സ്, 60 മണിക്കൂർ)-ഗൾഫ്: Rs.1500
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 50 (30 പൗണ്ട്)

10 സി.ഡിയുടെ ഒരു സെറ്റ് (100 ക്ലാസ്സ്, 120 മണിക്കൂർ)
- ഗൾഫ്: 3000 രൂപ.
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 100 (60 പൗണ്ട്)
(10 സി.ഡി. വാങ്ങുന്നവർക്ക് അഞ്ച് സി.ഡികൾ ഉടൻ അയയ്ക്കും. ബാക്കിയുള്ള അഞ്ചെണ്ണം രണ്ടു മാസം കഴിഞ്ഞ് അയയ്ക്കും)

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ
Vol. No.9 Issue No. 10 2006 May 16

# കണ്ടുപഠിക്കാത്തവർ കൊണ്ടെങ്കിലും പഠിക്കണം

അബദ്ധം ആർക്കും പറ്റാം. പക്ഷേ അബദ്ധം പറ്റുക എന്നത് സ്ഥിരം പരിപാടിയായാലോ? യു.ഡി.എഫിന്റെ കാര്യമാണ് പറഞ്ഞു വരുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനം യു.ഡി.എഫിന് ഒരു സന്ദേശം നൽകിയിരുന്നു. പക്ഷേ അത് യു.ഡി.എഫിന്റെ തലയിൽ കയറിയില്ല. അതിന്റെ ഫലമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്.

ജനം ആരെയൊക്കെയാണ് തോല്പിച്ചത് എന്ന് ശ്രദ്ധിക്കുക. ജയിക്കേണ്ടവരെ അപൂർവ്വമായേ തോല്പിച്ചുള്ളൂ. ഉദാഹരണമായി, മുൻമന്ത്രി മുനീർ. അദ്ദേഹം ജയിക്കേണ്ടതായിരുന്നു. എങ്കിലും ജയസാദ്ധ്യതയില്ലാത്തിടത്ത് മന:പൂർവ്വമെന്ന് തോന്നുംവിധം നിർത്തി ബലിയാടാക്കി. അങ്ങനെ രണ്ടോ മൂന്നോ പേർ മാത്രം. തോൽക്കേണ്ടവർ ഏറെയൊന്നും ജയിച്ചില്ല എന്നതും ശ്രദ്ധേയമാണ്. പെൺവാണിഭക്കാരും അഴിമതിക്കാരും പുറത്തായി. തല മറന്ന് എണ്ണ തേച്ചവർ തലയ്ക്ക് കൈയ്യും കൊടുത്ത് വീട്ടിൽ ഇരിക്കുന്നു. ചിലർ എഴുത്തിലേക്ക് തിരിയുന്നു. മറ്റു ചിലർക്ക് എന്തു ചെയ്യണമെന്ന് നിശ്ചയമില്ല. മറ്റൊന്നും ചെയ്യാൻ അറിയാത്തവർ വരെയുണ്ട്.

പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ ഒരു മകൾ വീട്ടിലിരിപ്പായിരുന്നു. ഒരച്ഛനും മകനും കൂടി വീട്ടിലിരുന്നാൽ യു.ഡി.എഫ്. രക്ഷപ്പെടും. ചിലർ വായടയ്ക്കുകകൂടി ചെയ്താൽ ഏറെ നന്ന്.

വിശേഷിച്ച് ഒരു കാരണവും കൂടാതെ എം.എൽ.എ. സ്ഥാനം രാജി വെച്ചിട്ട് അതേ മുന്നണിയുടെ ലേബലിൽ വോട്ടുതേടിയെത്തിയവരോട് ജനം അനുയോജ്യമായ വിധത്തിൽ പ്രതികരിച്ചു. അവർ ഇനിയും രാജി വെയ്ക്കുമെന്ന് ജനം സംശയിച്ചു. അതുകൊണ്ട് ജനം അവരെ പരിത്യജിച്ചു. ഇത്തരക്കാരിൽ ഒരാൾക്ക് കെട്ടിവെച്ച കാശുപോലും നഷ്ടമായി. മുന്നണിയുടെ പിൻതുണയുള്ള ഒരു സ്ഥാനാർത്ഥിക്ക് കെട്ടിവെച്ച കാശ് പോകുക എന്നത് അത്യപൂർവ്വമായ സംഭവമാണ്.

ചെറുകിട പാർട്ടികളോടും ജനം പ്രതികൂലമായാണ് പ്രതികരിച്ചത്. വിശേഷിച്ച് ഒരു പരിപാടിയോ പ്രത്യയ ശാസ്ത്രമോ ഇല്ലാത്ത ഈ പാർട്ടികൾ ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുന്നത് എന്ന് ജനം തിരിച്ചറിഞ്ഞു. അതുകൊണ്ട് അത്തരക്കാരിൽ മിക്കവരും അസംബ്ലിയിൽ ഇനി വേണ്ടെന്ന് ജനം നിശ്ചയിച്ചു. വീരാരാധനയുടെ നാടായ തമിഴ്നാട്ടിൽപ്പോലും ജനം ബുദ്ധിയോടെ വോട്ടുചെയ്തു. അതുകൊണ്ട് എല്ലാ രാഷ്ട്രീയ പാർട്ടികളും വസ്തുതകൾ കണ്ടറിയണം. അതിന് തയ്യാറാകുന്നില്ലെങ്കിൽ കൊണ്ടറിയേണ്ടതായി വരും.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
ററി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

കാത്തിരിപ്പിന്റെ ടെൻഷന് അവസാനമായി. തെരഞ്ഞെടുപ്പ് ഫലം പുറത്തായി. പ്രതീക്ഷിച്ചതുപോലെതന്നെ കാര്യങ്ങൾ നടന്നു. ഇടതുപക്ഷം ജയിച്ചു. അച്യുതാനന്ദൻ മുഖ്യമന്ത്രിയാകാനുള്ള സാദ്ധ്യതയും തെളിഞ്ഞു.

ശരിക്കും തോറ്റത് ഡി.ഐ.സിയാണ്. 18ൽ 17 എണ്ണവും തോറ്റു. ഒരാൾ ജയിച്ചത് എങ്ങനെയെന്ന് ഏവർക്കും അറിയാം. ഡി.ഐ.സിയുമായി പറയത്തക്ക ബന്ധമൊന്നും ഉള്ള ആളല്ല അത്. ഡി.ഐ.സിക്കാർക്കുപോലും ഈ കക്ഷിയെ പരിചയവുമില്ല. ആവശ്യത്തിലേറെ പണമുണ്ട് എന്ന ഏക പരിഗണനയിലാണ് സീറ്റ് നൽകിയത്.

പുത്രൻജിയുടെ തോൽവി പരമ ദയനീയമായിരുന്നു. ഒരിക്കലും ഇടതുപക്ഷം ജയിച്ചിട്ടില്ലാത്ത മണ്ഡലത്തിൽ, ലീഡിന്റെ പൂർണ്ണ പിൻതുണയോടെ മത്സരിച്ചിട്ട് ഇതാണ് ഗതിയെങ്കിൽ സാധാരണ മണ്ഡലത്തിൽ എന്താകുമായിരുന്നു. ഡി.ഐ.സിയുടെ പ്രസിഡന്റിന്റെ ജനപിൻതുണ ഇതാണെങ്കിൽ ബാക്കിയുള്ളവരുടെ കാര്യം പറയണോ?

എന്തുകൊണ്ടാണ് താൻ തോറ്റതെന്ന് മുരളീധർജി പച്ച മലയാളത്തിൽ പറഞ്ഞു: എതിർ സ്ഥാനാർത്ഥിക്ക് കൂടുതൽ വോട്ടു കിട്ടി. തെരഞ്ഞെടുപ്പ് ഫലം അവലോകനം ചെയ്യാൻ ഡി.ഐ.സി. എക്സിക്യൂട്ടീവ് ചേരുമ്പോഴും പരാജയകാരണമായി ഈ വസ്തുത പറയാവുന്നതാണ്. ഡി.ഐ.സിയുടെ എതിർസ്ഥാനാർത്ഥികൾക്ക് കൂടുതൽ വോട്ടു കിട്ടിയതുകൊണ്ടാണ് ഡി.ഐ.സി. സ്ഥാനാർത്ഥികൾ തോറ്റത്.

ആറൻമുളയിലെ സ്ഥിതി അത്യപൂർവ്വമാണ്. യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് കെട്ടിവെച്ച കാശും പോയി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോലാഹലമുണ്ടാക്കി സീറ്റ് വാങ്ങി ജയിച്ചു. അത്യുഗ്രൻ ജനപിൻതുണയുള്ള സ്ഥാനാർത്ഥിയാണിത് എന്ന് ഏവർക്കും തോന്നുകയും ചെയ്തു. പക്ഷേ ഇപ്പോൾ സത്യത്തിന്റെ ഭീകരമുഖം അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു.

അല്ലറ ചില്ലറ പാർട്ടികളേയും ജനം പരിത്യജിച്ചിരിക്കയാണ്. ഈ പരിപാടി ഇനി വേണ്ട എന്നാണ് ജനം പറയുന്നത്. ബാലകൃഷ്ണപിള്ള എഴുത്തിലേക്ക് തിരിയുകയാണത്രേ. നല്ലത്. ജേക്കബ്ബിനും ഈ വഴിക്ക് ചിന്തിക്കാവുന്നതാണ്.

എന്തെല്ലാമെന്തെല്ലാം സ്വപ്നങ്ങളായിരുന്നു എന്ന പാട്ടുപോലെ ലീഡർജിക്ക് എന്തെല്ലാം സ്വപ്നങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഇടതുപക്ഷത്തെ രണ്ടാമത്തെ കക്ഷി, ആഭ്യന്തരം ഉൾപ്പെടെയുള്ള പ്രധാന വകുപ്പുകൾ കൈയിൽ, വിരലിലെണ്ണാവുന്നത്ര എം.എൽ.എ.മാരുമായി യു.ഡി.എഫ്. മറുപക്ഷത്ത്. ലീഡർജി ആരാണെന്ന് മാലോകർ കാണുന്നു. അങ്ങനെ എന്തെല്ലാം. അത് നടക്കാതായപ്പോൾ സ്വപ്നം അല്പം ഭേദഗതി ചെയ്തു. ഒരു മുന്നണിക്കും ഭൂരിപക്ഷം ലഭിക്കുന്നില്ല. ഡി.ഐ.സിയുടെ കൈയിൽ പത്തിരുപത് എം.എൽ.എമാർ. അവരുടെ പിൻതുണയ്ക്കായി രണ്ടു മുന്നണികളും ലീഡർജിയുടെ പടിക്കൽ കാവൽ കിടക്കുന്നു. മകൻജിയെ മുഖ്യമന്ത്രിയാക്കാമെങ്കിൽ പിൻതുണ നൽകാമെന്ന് ഉപാധി വെയ്ക്കുന്നു. വിലപേശലിനൊടുവിൽ ഒത്തുതീർപ്പുണ്ടാകുന്നു. പുത്രൻജി ഉപ മുഖ്യമന്ത്രി. ആഭ്യന്തരവും കുറെ പ്രധാന വകുപ്പുകളും ഡി.ഐ.സിക്ക്. അങ്ങനെ മുൻപോട്ടു പോകുമ്പോൾ സോണിയാജിക്ക് ലീഡർജിയുടെ ശക്തി ബോദ്ധ്യമാകുന്നു. ലീഡറെ ഡൽഹിക്ക് വിളിക്കുന്നു. അങ്ങനെ പ്രശ്നം തീരുന്നു. ലീഡറും കൂട്ടരും വീണ്ടും കോൺഗ്രസ്സിൽ. ഇപ്പോൾ കോൺഗ്രസ്സിലുള്ളവർക്ക് സ്ഥാനമാനങ്ങൾ നഷ്ടപ്പെടുന്നു. ലീഡറും മകനും ചോദ്യം ചെയ്യപ്പെടാനാവാത്ത നേതാക്കൻമാരാകുന്നു. ലീഡറാണ് കോൺഗ്രസ്സ്, കോൺഗ്രസ്സാണ് ലീഡർ എന്ന് ബറുവ മോഡലിൽ പുതിയ മുദ്രാവാക്യം വരെ ഉണ്ടാകുന്നു. ഇങ്ങനെ സ്വപ്നങ്ങൾ ഒട്ടേറെ ഉണ്ടായിരുന്നു. പക്ഷേ അതെല്ലാം വിവരംകെട്ട ജനം തല്ലിത്തകർത്തിരിക്കുന്നു. ഈ ജനം ഇതിന്റെ ഫലം അനുഭവിക്കും, തീർച്ച.

എത്ര മന്ത്രിമാർ ഉണ്ടായിരിക്കുമെന്നോ ആരൊക്കെയായിരിക്കും മന്ത്രിമാരെന്നോ വ്യക്തമായിട്ടില്ല. ഒറ്റയാൾ പാർട്ടികൾക്ക് മന്ത്രിസ്ഥാനം കിട്ടുമോ എന്നും കണ്ടറിയണം. ഒറ്റയാനാണെങ്കിലും കടന്നപ്പള്ളിക്ക് മന്ത്രിയാകാൻ കഴിഞ്ഞേക്കും. മറ്റുള്ളവരുടെ കാര്യം കണ്ടുതന്നെ അറിയണം.

സി.പി.എമ്മിൽ ആരൊക്കെ മന്ത്രിയാകുമെന്നത് സുപ്രധാനമായ കാര്യമാണ്. പ്രഖ്യാപിത ശത്രുക്കൾ മന്ത്രിമാരായാൽ വി.എസ്. കുഴയും. സുപ്രധാന വകുപ്പുകൾ അവരുടെ കൈയിൽ എത്തിയാലുള്ള കാര്യം പറയുകയും വേണ്ട. പ്രതിപക്ഷ നേതാവിന്റെ റോൾ പിണറായി ഏറ്റെടുക്കുകകൂടി ചെയ്യുമ്പോൾ എല്ലാം ഒത്തു. അഞ്ചു വർഷം കഴിഞ്ഞ് തെരഞ്ഞെടുപ്പ് വരുമ്പോൾ ഭരണം വീണ്ടും യു.ഡി.എഫിന്റെ കൈയിൽ എത്തും.

പൊതുജനവും പെന്തക്കോസ്ത് ജനവും തമ്മിൽ എന്താണ് വ്യത്യാസം? പറയാം. പൊതുജനത്തിന് ഇടയ്ക്കൊക്കെ ബുദ്ധിയുദിക്കും. പക്ഷേ പെന്തക്കോസ്ത് ജനങ്ങൾക്ക് ബുദ്ധി ഉണ്ടാകില്ല. സ്വന്തം മക്കളുടെ എണ്ണം പോലും കൃത്യമായി പറയാൻ പറ്റാതെ കഷ്ടപ്പെടുന്ന മത്തായിയെ വീണ്ടും ഓവർസിയറാക്കാൻ വിവരമുള്ളവർക്ക് തോന്നുമോ? ബോംബെയിലെ വിഡ്ഢികൾക്ക് അങ്ങനെ തോന്നി. ഐ.പി.സി. ഇലക്ഷൻ അടുത്തു വരുന്നു. തട്ടിപ്പുവീരനായ കെ.സി.ജോണിന് കസേര കനിഞ്ഞരുളാൻ ഐ.പി.സിയിലെ വിഡ്ഢികൾക്ക് മടിയുണ്ടാവില്ല. ജെ.സി.ദേവിനെ ഉമ്മയുടെ അകമ്പടിയോടെ പെന്തക്കോസ്തിലേക്ക് ആനയിക്കാനും ആളുണ്ടായി. പെന്തക്കോസ്തുകാർ കണ്ടാലും കൊണ്ടാലും പഠിക്കില്ല എന്ന് തീർച്ച.

ദ്രവ്യാഗ്രഹം സകല ദോഷത്തിനും കാരണം എന്ന് ദൈവവചനം പറയുന്നു. പക്ഷേ പെന്തക്കോസ്തുകാർക്ക് അത് അത്ര ബോദ്ധ്യമായിട്ടില്ല. അതുകൊണ്ട് അവർ പണത്തിന്റെ പിന്നാലെ പായുകയാണ്. പരമാവധി പലിശ വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങളിൽ പണം നിക്ഷേപിക്കുന്നു. കശുമാവ് കൃഷിയുടേയും മാഞ്ചിയത്തിന്റേയും പേരുപറഞ്ഞ് രംഗത്തെത്തിയവർക്ക് പണം കൊടുത്ത് വിഡ്ഢികളായി. ഇന്റഗ്രേറ്റഡ് ഫൈനാൻസിൽ കോടികൾ തുലച്ചു. ഇപ്പോൾ ലിസിലും.

ഏതു ബ്ലേഡ് കമ്പനി പൊട്ടിയാലും പെന്തക്കോസ്തുകാരുടെ കോടികൾ തുലയും എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. കാരണം, എല്ലാ ബ്ലേഡ് കമ്പനികളിലും പെന്തക്കോസ്തുകാരുടെ കോടികൾ കിടപ്പുണ്ട്.

**എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക**

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

**പെരുമ്പാവൂർ പ്രിന്റേഴ്സ്**
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

# ദേവിനെതിരെ ബ്രദറൺ സമൂഹം പ്രതികരിക്കുന്നു

ജെ.സി.ദേവെന്ന യൂദാസിനെതിരെ ബ്രദറൺ സമൂഹം ശക്തിയായി പ്രതിഷേധിക്കുന്നു. മിക്ക ബ്രദറൺ പ്രസിദ്ധീകരണങ്ങളിലും ഈ വിഷയവുമായി ബന്ധപ്പെട്ട് ലേഖനങ്ങൾ വരുന്നുണ്ട്. ദേവ് ബ്രദറൺ സമൂഹത്തെ ഉപേക്ഷിച്ച് പെന്തക്കോസ്തിൽ ചേർന്നത് വിശ്വാസത്തിന്റേയോ ആദർശത്തിന്റേയോ പേരിലല്ല എന്ന വസ്തുതയാണ് എല്ലാ പ്രസിദ്ധീകരണങ്ങളിലും ചൂണ്ടിക്കാണിക്കുന്നത്. ഈ വിഷയത്തിൽ ഡിഫെൻഡറും ബ്രദറൺ സമൂഹത്തിന്റെ നിലപാടിനോട് യോജിക്കുന്നു. ദേവ് ബ്രദറൺ സമൂഹത്തെ ഉപേക്ഷിച്ചത് വിശ്വാസപരമായ കാരണങ്ങളാലല്ല, വ്യക്തിപരമായ മറ്റ് പ്രശ്നങ്ങളാലാണ്. ഗുഡ്ന്യൂസും ചില പെന്തക്കോസ്ത് നേതാക്കൻമാരും ചേർന്ന് ഇതിന് ഒരു ആത്മീയ പരിവേഷം നൽകുക മാത്രമാണ് ചെയ്തത്. ഇതൊക്കെ സത്യമാണെന്ന് തെറ്റിദ്ധരിച്ച് സാധാരണക്കാരായ പെന്തക്കോസ്തുകാർ ദേവിനെ പുണ്യപുരുഷനായി വാഴ്ത്തുന്നു എന്നുമാത്രം.

നിയോഗം എന്ന പത്രത്തിന്റെ മെയ് ലക്കത്തിലെ പ്രധാന വാർത്ത ദേവിന്റെ കാലുമാറ്റമാണ്. ചേത്തക്കൽ ബ്രദറൺ സഭയിൽ ദേവുണ്ടാക്കിയ പ്രശ്നങ്ങളേക്കുറിച്ച് ഈ വാർത്തയിൽ സൂചനയുണ്ട്. വിശദമായ വിവരങ്ങൾ തുടർന്നുള്ള ലക്കങ്ങളിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

പെന്തക്കോസ്തുകാരനായ ദേവ് 30 വർഷം മുൻപ് ബ്രദറൺ സഭയിലേക്കു പോയത് വിശ്വാസപരമായ കാരണങ്ങളാലാലല്ല മറിച്ച് തികച്ചും വ്യക്തിപരമായ പ്രശ്നങ്ങൾ മൂലമായിരുന്നു. ബ്രദറൺ സമൂഹം ഈ വസ്തുത അന്ന് മനസ്സിലാക്കിയിരുന്നോ എന്ന് അറിഞ്ഞുകൂടാ. ഏതായാലും ദേവിന് മൂന്നു പതിറ്റാണ്ടുകാലം ബ്രദറുകാരെ കബളിപ്പിക്കാൻ കഴിഞ്ഞു. ഇനി ഈ തട്ടിപ്പ് തുടരാനാവില്ല എന്ന് ബോദ്ധ്യമായപ്പോൾ ദേവ് ഗുഡ്ന്യൂസിൽ ഒരു ലേഖനമെഴുതി തന്റെ ചുവടുമാറ്റത്തിന് ആദർശത്തിന്റെ പരിവേഷം നൽകി. പെന്തക്കോസ്ത് ഉപദേശ സത്യങ്ങളുടെ സംരക്ഷണത്തിനാണ് താൻ ബ്രദറൺ സമൂഹത്തെ ഉപേക്ഷിക്കുന്നതെന്ന് പ്രഖ്യാപിച്ചു. ശുദ്ധ തട്ടിപ്പാണിത്.

എല്ലാവരേയും കുറേക്കാലവും കുറേപ്പേരേ എല്ലാക്കാലവും വിഡ്ഢിയാക്കാമെങ്കിലും എല്ലാവരേയും എല്ലാക്കാലവും വിഡ്ഢികളാക്കാനാവില്ല. ദേവിന് കുറെ പെന്തക്കോസ്തുകാരെ എല്ലാക്കാലത്തും വിഡ്ഢികളാക്കാൻ കഴിഞ്ഞേക്കാം. പക്ഷേ സത്യത്തെ ഏറെക്കാലം ഒളിച്ചുവെയ്ക്കാൻ ആവില്ല എന്ന് അറിഞ്ഞിരുന്നാൽ നന്ന്.

# അന്ത്യകൂദാശ മാത്രം ബാക്കി

ജൻമിസമ്പ്രദായം നിലനിന്നിരുന്ന കാലത്ത് നടന്ന ഒരു സംഭവം ആദ്യമായി പറയാം.

കുടിയാൻമാരിൽ ഒരാൾ കാഴ്ചക്കുലയുമായി ജൻമിയെ കാണാൻ വന്നു. ജൻമിയും കുടിയാനുമായുണ്ടായ സംഭാഷണം:

എന്താ, രാമാ, സുഖമാണോ?
അവിടത്തെ സഹായം കൊണ്ട്.

കൃഷി നന്നായിരിക്കുന്നോ?
അവിടത്തെ സഹായം കൊണ്ട്.

വീട് മേഞ്ഞോ?
അവിടത്തെ സഹായം കൊണ്ട്.

ഈയിടെ നിനക്കൊരു ആൺകുട്ടിയുണ്ടായെന്ന് കേട്ടല്ലോ?
അവിടത്തെ സഹായം കൊണ്ട്.

ഈ കുടിയാന്റെ വംശപരമ്പരയിൽ പെട്ട ഒരു പാസ്റ്ററുടെ കഥ പറയാനാണ് അല്പം വളച്ചുകെട്ടിയത്. ഏതാനും വർഷം മുൻപ് പെരുമ്പാവൂരിൽ നടന്ന ഒരു കാര്യമാണ് പറയാൻ പോകുന്നത്. സംഘടനയുടെ വല്യ നേതാവിന്റെ ശിഷ്യനായി, ഗേഹസി മോഡലിൽ നടന്ന് സ്ഥാനമാനങ്ങൾ തരപ്പെടുത്തിയ ഒരു ചങ്ങാതിയാണ് കഥാനായകൻ.

ഗേഹസിയുടെ സഭയിൽ കൺവെൻഷൻ നടക്കുകയാണ്. അച്ചായൻ എന്ന് ഗേഹസി വിളിക്കുന്ന വല്യനേതാവാണ് പ്രധാന പ്രസംഗകൻ. കൺവെൻഷൻ പ്രസംഗം ആരംഭിക്കുന്നതിനു മുൻപായി ഗേഹസി മുഖവുര പറയുകയാണ്. സ്വാഭാവികമായും അച്ചായന്റെ മഹത്വമാണ് വാഴ്ത്തിപ്പാടുന്നത്.

അച്ചായനെ എനിക്ക് ഒരിക്കലും മറക്കാൻ പറ്റില്ല. എന്നെ ഞാനാക്കിയത് അച്ചായനാണ്. അച്ചായന്റെ പ്രസംഗം കേട്ടാണ് ഞാൻ രക്ഷിക്കപ്പെട്ടത്. അച്ചായനാണ് എന്നെ സ്നാനപ്പെടുത്തിയത്. അച്ചായൻ നടത്തിയ യോഗത്തിലാണ് ഞാൻ അഭിഷേകം പ്രാപിച്ചത്. അച്ചായന്റെ ബൈബിൾ കോളേജിലാണ് ഞാൻ പഠിച്ചത്. അച്ചായനാണ് എന്നെ കൈവെച്ച് വേലയ്ക്കയച്ചത്. അച്ചായനാണ് എന്റെ വിവാഹം നടത്തിത്തന്നത്. എന്റെ കുട്ടികൾക്ക് പേരിട്ടത് അച്ചായനാണ്. (കുട്ടികളുടെ പിതൃത്വം അച്ചായന് ചാർത്തിക്കൊടുത്തില്ല, ഭാഗ്യം). അങ്ങനെ എനിക്ക് എല്ലാം എല്ലാം അച്ചായനാണ്.

ഇത്രയും ആയപ്പോൾ സദസ്യരിൽ ഒരാൾ ആത്മഗതം പോലെ പറഞ്ഞു: അച്ചായൻ എത്രയും വേഗം അന്ത്യകൂദാശ കൂടി കൊടുത്തിരുന്നെങ്കിൽ ഈ ശല്യം ഒഴിവായിക്കിട്ടിയേനേം.

# ജെ.സി.ദേവ് മഹാനാണെന്ന് ജെ.സി.ദേവ് പറയുന്നു

ആണ്ടി വലിയ അടികാരനാണെന്ന് ആണ്ടി തന്നെ പറയുന്നതുപോലെ ജെ.സി.ദേവ് അത്യുഗ്രൻ മഹാനും പണ്ഡിതനും ഗവേഷകനുമൊക്കെയാണെന്ന് ജെ.സി.ദേവ് തന്നെ പറയുന്നു. സംശയമുള്ളവർ വചനഘോഷണത്തിന്റെ ഏപ്രിൽ ലക്കം നോക്കുക.

വചനഘോഷണം എന്ന പത്രം നടത്തുന്നത് തോമസ്കുട്ടി എന്ന കൂട്ടക്ഷര വൈരിയാണ്. മലയാളഭാഷയിലെ വളരെക്കുറച്ച് അക്ഷരങ്ങൾ മാത്രമേ ഈ ചങ്ങാതിക്ക് പിടിയുള്ളൂ. അതുകൊണ്ട് ദേവാണ് തോമസ്കുട്ടിക്കുവേണ്ടി വചനഘോഷണത്തിൽ എഡിറ്റോറിയൽ ഉൾപ്പെടെ എല്ലാം എഴുതുന്നത്. ദേവ് എഴുതിക്കൊടുക്കുന്നത് തോമസ്കുട്ടി സ്വന്തം പേരും ഫോട്ടോയും വെച്ചോ പേരു വെയ്ക്കാതെയോ ഒക്കെ പ്രസിദ്ധീകരിക്കും.

മുപ്പതു വർഷത്തെ പരദേശപ്രയാണത്തിനുശേഷം ദേവ് പെന്തക്കോസ്തിൽ എത്തിയതിനേക്കുറിച്ച് ദേവ് തന്നെ എഴുതി വചനഘോഷണത്തിൽ പ്രസിദ്ധീകരിച്ച ലേഖനം വായിച്ചാൽ നാണം തോന്നും. ഒരു മനുഷ്യന് സ്വയം ഇങ്ങനെ പുകഴ്ത്താൻ കഴിയണമെങ്കിൽ അസാമാന്യ തൊലിക്കട്ടി വേണം. താൻ വലിയ പണ്ഡിതനും ഗവേഷകനും മറ്റുമാണെന്നത്രേ ദേവ് പറയുന്നത്. വെറും പത്താംക്ലാസ്സാണ് ദേവെന്ന പണ്ഡിതന്റെ വിദ്യാഭ്യാസം. ഗവേഷണമെന്നത് ചുക്കാണോ ചുണ്ണാമ്പാണോ എന്ന് ദേവിനോ ഈ ലേഖനം പ്രസിദ്ധീകരിച്ച തോമസ്കുട്ടിക്കോ അറിഞ്ഞുകൂടാ. പെന്തക്കോസ്ത് ഉപദേശം ശരിയാണെന്ന് ദേവ് ഗവേഷണം ചെയ്ത് കണ്ടുപിടിച്ചത്രേ. മുപ്പതു കൊല്ലം മുൻപ് അന്യഭാഷ പറഞ്ഞ ദേവ് എന്തു കണ്ടുപിടുത്തം നടത്തിയിട്ടാണ് ബ്രദറുകാരുടെ കൂടെ പോയതെന്ന് അറിഞ്ഞുകൂടാ.

ഏതു കള്ളനും ഭക്തനായി വിലസാവുന്ന സാഹചര്യമാണ് പെന്തക്കോസ്തിലുള്ളത്. പരമ വ്യഭിചാരിയായ ടി.എസ്.ഏബ്രഹാം ദേവിനെ ഉമ്മ കൊടുത്താണ് ഐ.പി.സിയിലേക്ക് സ്വീകരിച്ചത്. ദേവ് പരിശുദ്ധാത്മാവിനോടു ചെയ്ത തെറ്റ് വ്യഭിചാരിയുടെ ഉമ്മകൊണ്ട് ഇല്ലാതാക്കാൻ കഴിയുമെങ്കിൽ നല്ലതുതന്നെ. പക്ഷേ പരിശുദ്ധാത്മനിന്ദ എന്നത് ഒരിക്കലും ക്ഷമിക്കപ്പെടാത്ത പാപമാണെന്ന് കർത്താവായ യേശുക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ട്.

ബ്രദറൺ സഭയിലെ ശുശ്രൂഷകനായിരുന്നപ്പോഴും പെന്തക്കോസ്ത് ഉപദേശമാണ് താൻ പഠിപ്പിച്ചിരുന്നതെന്ന് ദേവ് ഒരു വാരികയിൽ എഴുതി. അതായത്, ദേവ് ബ്രദറുകാരെ മുപ്പതു വർഷമായി വഞ്ചിക്കയായിരുന്നു എന്നു ചുരുക്കം. ബ്രദറുകാർ കൊടുത്ത പണം കൊണ്ട് ഭക്ഷണം വാങ്ങി കഴിക്കയും ബ്രദറുകാർ വെച്ചുകൊടുത്ത വീട്ടിൽ താമസിക്കയും ചെയ്തുകൊണ്ട് ദേവ് ബ്രദറൺ ഉപദേശത്തിനു വിരുദ്ധമായിപഠിപ്പിക്കയായിരുന്നത്രേ. സാക്ഷാൽ യൂദാസുപോലും ഇത്ര വലിയ വഞ്ചന നടത്തിയിട്ടില്ല. എന്നിട്ടും ഈ പരമ നീചനെ പെന്തക്കോസ്തിലേക്ക് സ്വീകരിക്കാൻ ആളുണ്ടായി. ഈ ചങ്ങാതി പെന്തക്കോസ്തിൽ എത്തിയതോടെ പെന്തക്കോസ്തിൽ വീണ്ടും പ്രത്യാശയുടെ നാമ്പ് മുളച്ചത്രേ. സന്തോഷം കൊണ്ട് പെന്തക്കോസ്തുകാർ തുള്ളിച്ചാടുകയാണത്രേ.

ദേവ് പെന്തക്കോസ്തിലേക്ക് മടങ്ങാനിടയായ സാഹചര്യത്തേക്കുറിച്ച് ഹാലേലൂയ്യായിൽ വിശദീകരിച്ചിട്ടുണ്ട്. ദേവ് ബ്രദറുകാരെ വഞ്ചിക്കയാണെന്ന് മനസ്സിലാക്കിയ ബ്രദറുകാർ ദേവിനെ സഹായിക്കുന്നത് നിർത്തി. ഇനി ബ്രദറൺ സഭയിൽ നിന്നിട്ട് പ്രയോജനമില്ല എന്ന് മനസ്സിലാക്കിയ ദേവ് പെന്തക്കോസ്തിലേക്കു പോകണമോ വേണ്ടയോ എന്നറിയാൻ ചീട്ടിട്ടു നോക്കി. ബ്രദറൺ സഭ വിട്ടുപോകണം എന്ന് കിട്ടി. ബലേ ഭേഷ്. എത്ര ചീട്ടിട്ടു കാണും? സ്വാഭാവികമായും രണ്ട്. ബ്രദറൺ സഭ വിടണം, വിടേണ്ട എന്നിങ്ങനെയാകാം അവയിൽ എഴുതിയിരുന്നത്. മൂന്നാമതൊരെണ്ണത്തിൽ ''പോയി തൂങ്ങിച്ചാകെടാ'' എന്നുകൂടി എഴുതിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

പെന്തക്കോസ്ത് ഉപദേശം സത്യമാണോ എന്നു പരിശോധിക്കുന്നത് ചീട്ടിട്ടല്ല. ദൈവവചനത്തിൽ വ്യക്തമായി എഴുതിയിരിക്കുന്ന കാര്യത്തേക്കുറിച്ച് അറിയാൻ ആരും ചീട്ടിട്ടതായി ദൈവവചനത്തിൽ പറയുന്നുമില്ല. പണ്ട് ദേവ് പെന്തക്കോസ്ത് വിട്ടത് ചീട്ടിട്ടിട്ടാണോ എന്നും അറിഞ്ഞുകൂടാ.

വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾ സൂക്ഷിക്കുക: ദേവ് ഒന്നാംതരം കള്ളനാണ്. ഏതു പെന്തക്കോസ്ത് നേതാവ് കെട്ടിപ്പിടിച്ച് ഉമ്മ വെച്ചാലും ഈ പരമനീചന് പാപമോചനം ലഭിക്കയില്ല. ജ്യേഷ്ഠാവകാശം വിറ്റവൻ കരഞ്ഞു പറഞ്ഞിട്ടും ഫലമുണ്ടായില്ല. പരിശുദ്ധാത്മാവിനെ വിറ്റവൻ എത്ര കരഞ്ഞാലും പാപക്ഷമ ലഭിക്കില്ല.


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608



## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3232356
മൊബൈൽ: 94474 14608

# പാഠം ഒന്ന്: പൊതുജനം കഴുതയല്ല

തെരഞ്ഞെടുപ്പ് കഴിഞ്ഞു, ഫലവും പുറത്തുവന്നു. അതോടെ ഒരു കാര്യം വ്യക്തമായി: പൊതുജനങ്ങളുടെ കൂട്ടത്തിൽ കഴുതകളുണ്ടെങ്കിലും പൊതുജനം കഴുതയല്ല. പൊതുജനത്തെ വിഡ്ഢിയാക്കാൻ ശ്രമിക്കുന്നവർ സ്വയം വിഡ്ഢികളാകും.

കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എന്തൊക്കെ പുകിലുകളാണ് ജനം കണ്ടത്. മന:സമാധാനത്തോടെ ഭരിക്കാൻ ലീഡറും കൂട്ടരും സമ്മതിച്ചില്ല. ഇല്ലാത്ത പ്രശ്നങ്ങൾ ഊതി വീർപ്പിച്ച് കോലാഹലമുണ്ടാക്കി. പാർലമെന്റ് തെരഞ്ഞെടുപ്പ് വന്നപ്പോൾ ഒത്തുതീർപ്പുണ്ടാക്കി ജനത്തെ വിഡ്ഢിയാക്കാൻ വിഫലശ്രമം നടത്തി. പ്രതിപക്ഷം സീറ്റുകൾ തൂത്തു വാരിയിട്ടും പാഠം പഠിച്ചില്ല. മകളെ വീട്ടിലിരുത്തിയിട്ട് ലീഡർ മകനോടൊപ്പം കളത്തിലിറങ്ങി.

ഇടതുപക്ഷത്തിന്റെ സഹായത്തോടെ കോൺഗ്രസ്സിനേക്കാൾ കൂടുതൽ സീറ്റ് നേടാമെന്നും ആ സീറ്റുകൾ വെച്ച് വിലപേശി കോൺഗ്രസ്സിൽ തിരിച്ചെത്താമെന്നും ആയിരുന്നു കണക്കുകൂട്ടൽ. പക്ഷേ ഇടതുപക്ഷം കൈവിട്ടതോടെ ലീഡർ അന്ധാളിച്ചുപോയി. ഒറ്റയ്ക്കു നിന്ന് മത്സരിക്കുമെന്നും സി.പി.ഐ. സ്ഥാനാർത്ഥികളെ തോല്പിക്കുമെന്നും മറ്റും വീമ്പിളക്കിനോക്കി. ആരും മൈന്റ് ചെയ്തില്ല.

കോൺഗ്രസ്സ് ശവപ്പറമ്പാണെന്നു പറഞ്ഞ് നാക്ക് വായിലിടും മുൻപ് ഡി.ഐ.സി. കോൺഗ്രസ്സിന്റെ തോളിൽ കൈയ്യിട്ടു നിൽക്കുന്ന കാഴ്ചയാണ് ജനം കണ്ടത്. ഏതാനും നിമിഷംകൊണ്ട് മദാമ്മ വീട്ടുകാരിയായി. അലൂമിനിയം ഏറ്റവും വിലയുള്ള ലോഹമായി.

കോൺഗ്രസ്സുമായി യോജിച്ചു പോകാനാവില്ല എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് ഡി.ഐ.സിക്ക് രൂപം കൊടുത്തത്. പക്ഷേ ഒരു വർഷം തികയുന്നതിനു മുൻപുതന്നെ കോൺഗ്രസ്സിലേക്ക് മടങ്ങേണ്ടതായിവന്നു. വിശേഷിച്ച് ഒരു കാരണവും കൂടാതെ രാജിവെച്ച എം.എൽ.എമാരെ ജനം പാഠം പഠിപ്പിച്ചു. അവരിൽ ഒരാൾക്ക് കെട്ടിവെച്ച കാശുപോലും കിട്ടിയില്ല. ഡി.ഐ.സിയുമായി പറയത്തക്ക ബന്ധമൊന്നുമില്ലാത്ത ഒരാൾ മാത്രം ജയിച്ചു.

ആറു മാസം കഴിയുമ്പോൾ തന്റെ പോലീസ് വരുമെന്ന് കരുണാകൻജി പ്രഖ്യാപിച്ചിരുന്നു. സ്വന്തമായി ഒരു പോലീസ് പട ഉണ്ടാക്കിയാലേ ഇത് സാദ്ധ്യമാകൂ. ഡി.ഐ.സിയുടെ സഹായമില്ലാതെ ആരും ഭരിക്കില്ല എന്നായിരുന്നു മറ്റൊരു പ്രഖ്യാപനം. അതും വെറുതെയായി. ഡി.ഐ.സിയുടെ ഒരു എം.എൽ.എ. ആരെ പിൻതുണച്ചാലും വിശേഷിച്ച് ഗുണമോ ദോഷമോ ഉണ്ടാകാനില്ല.

എവിടെയാണ് കരുണാകരന് തെറ്റിയത്? താൻ എന്തു ചെയ്താലും കൂടെ നിന്ന് ഓശാന പാടുന്ന നേതാക്കൻമാരെ കണ്ടപ്പോൾ സ്വയം മറന്നു. പൊതുജനെ തന്നോടൊപ്പമാണെന്ന് തെറ്റിദ്ധരിച്ചു. കോൺഗ്രസ്സിന് നല്ല ജനപിൻതുണയുണ്ട്. കോൺഗ്രസ്സ് നേതാവെന്ന നിലയിൽ കരുണാകരനും ആ ബഹുമാനവും ജനപിൻതുണയും ലഭിച്ചിട്ടുണ്ട്. പക്ഷേകരുണാകരൻ എന്ന വ്യക്തിയുടെ കഴിവാണിതെന്നും ആ വ്യക്തിയെയാണ് ജനം പിൻതുണയ്ക്കുന്നതെന്നും അദ്ദേഹം തെറ്റിദ്ധരിച്ചു. തന്നോടുള്ള സ്നേഹം നിമിത്തം ജനം തന്റെ മകളെ ജയിപ്പിക്കുമെന്ന് ലീഡർ തെറ്റിദ്ധരിച്ചു. മുകുന്ദപുരം പാർലമെന്റ് മണ്ഡലത്തിലെ ജനം ആ തെറ്റിദ്ധാരണ തിരുത്തിക്കൊടുത്തു. വടക്കാഞ്ചേരിയിലെ ജനം മകനേയും പാഠം പഠിപ്പിച്ചു. പക്ഷേ ലീഡർ മാത്രം പാഠം പഠിച്ചില്ല.

അച്ചടക്കം എന്തെന്നറിയാത്ത നാവുമായി ഇടതുപക്ഷത്തെത്തി. വേണ്ടതും വേണ്ടാത്തതും പറഞ്ഞു. അതോടെ എൽ.ഡി.എഫിന് കാര്യങ്ങളുടെ പോക്ക് മനസ്സിലായി. അവർ ഒരു മുഴുത്ത നോ പറഞ്ഞു. ഒറ്റയ്ക്കു നിന്നു മത്സരിക്കും എന്നു വീമ്പിളക്കി നടന്നപ്പോഴും ഒറ്റയ്ക്കു നിന്നാൽ കെട്ടിവെച്ച കാശുപോലും കിട്ടില്ല എന്ന വസ്തുത അറിഞ്ഞിരുന്നു. അതുകൊണ്ടാണ് മോരില്ലേൽ ശകലം ഉണ്ടേക്കാം എന്ന പരുവത്തിൽ തിരിച്ചെത്തിയത്. പക്ഷേ ജനം അത്ര പെട്ടെന്ന് മറക്കാൻ തയ്യാറല്ലായിരുന്നു. അങ്ങനെയാണ് കൂട്ടത്തോൽവി ഉണ്ടായത്. അതിന് മറ്റാരേയും പഴിച്ചിട്ട് കാര്യമില്ല.

ലീഗിനുണ്ടായിരിക്കുന്നത് സ്വയംകൃതാനർത്ഥമാണ്. സമുദായത്തിലെ കുറെ പണക്കാരുടെ പാർട്ടിയായി ലീഗ് അധ:പതിച്ചു. നേതാക്കൻമാർക്ക് എന്തും ഏതും ആകാമെന്ന സ്ഥിതിയുണ്ടായി. എതിർക്കുന്നവരെ തേജോവധം ചെയ്യാനും ഒറ്റപ്പെടുത്താനും ശ്രമമുണ്ടായി. അതിന്റെ ഫലമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്.

സ്വന്തം കാര്യം സിന്ദാബാദ് എന്ന ഏക മുദ്രാവാക്യവുമായി അവതരിച്ചിരിക്കുന്ന ലോട്ട് ലൊടുക്ക് പാർട്ടികളെ ജനം പരിത്യജിച്ചു. ഗണേശൻ ജയിച്ചത് സ്വന്തം സ്വഭാവമഹിമകൊണ്ടാണെന്ന് ഏവർക്കും അറിയാം.

പെൺവാണിഭക്കാർക്കും അഴിമതി വീരൻമാർക്കും ജനം ഉചിതമായ മറുപടി കൊടുത്തു. ആ ഇനത്തിൽ പെട്ടവരെ വീട്ടിലിരുത്തി.

ഇടതുപക്ഷത്ത് എല്ലാം നന്നായി നടക്കുന്നു എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. സി.പി.എമ്മിലെ ഗ്രൂപ്പിസം എല്ലാ മറയും നീക്കി പുറത്തു വന്നിരിക്കയാണ്. അച്യുതാനന്ദനെ മത്സരിപ്പിക്കുന്നില്ല എന്ന തീരുമാനം ഗ്രൂപ്പിസത്തിന്റെ സന്തതിയായിരുന്നു. ജനരോഷം ഭയന്ന് ആ തീരുമാനം മാറ്റേണ്ടതായി വന്നു. ഈ കുറിപ്പ് എഴുതുന്ന സമയത്ത് മുഖ്യമന്ത്രിയെ പ്രഖ്യാപിച്ചിട്ടില്ല. അച്യുതാനന്ദനെത്തന്നെ മുഖ്യമന്ത്രിയാക്കിയാൽ നന്ന്. ഇല്ലെങ്കിൽ ജനം പ്രതികരിക്കും.

അച്യുതാനന്ദൻ മുഖ്യമന്ത്രി ആയാലും ഭരണം അത്ര സുഗമമായിരിക്കില്ല എന്നു തീർച്ച. ആന്റണിയും ഉമ്മൻ ചാണ്ടിയും ഭരിച്ചപ്പോൾ ലീഡർ പ്രതിപക്ഷ നേതാവിന്റെ വേഷം കെട്ടിയതുപോലെ പിണറായി വിജയൻ ചെയ്യില്ല എന്ന് എങ്ങനെ പറയും? കഴിഞ്ഞ കാലങ്ങളിലെ അനുഭവം വെച്ചു പറഞ്ഞാൽ ഈ സാദ്ധ്യത തള്ളിക്കളയാനാവില്ല. ഇത്തരം കളികൾ നടത്തിയാൽ അഞ്ചു വർഷം കഴിയുമ്പോൾ ഫലം അറിയും എന്നേ പറയാനുള്ളൂ.

കേരളത്തിലെ ജനങ്ങൾ രാഷ്ട്രീയ പ്രബുദ്ധരാണ്. ചെപ്പടിവിദ്യകൾ കാണിച്ച് അവരെ കബളിപ്പിക്കാനാവില്ല. ഈ വസ്തുത എല്ലാ രാഷ്ട്രീയക്കാരും അറിഞ്ഞിരുന്നാൽ നന്ന്.

പൊതുജനം കഴുതയല്ലെങ്കിലും പെന്തക്കോസ്ത് വിശ്വാസികളെന്ന പൊതുജനം ശുദ്ധ കഴുതകളാണെന്ന് പറയാതെ വയ്യ. ടി.എസ്.ഏബ്രഹാം ഐ.പി.സിയുടെ പ്രസിഡന്റായത് വിശ്വാസികളും ശുശ്രൂഷകൻമാരും കഴുതകളായതുകൊണ്ടല്ലേ? ടി.ജി.കോശി, ടി.പി.ഏബ്രഹാം, സി.വി.ജോൺ തുടങ്ങിയവർ ശാരോന്റെ തലപ്പത്തിരിക്കുന്നത് ശാരോനിലെ വിശ്വാസികൾ കഴുതകളായതുകൊണ്ടല്ലേ? മറ്റു പെന്തക്കോസ്ത് സഭകളിലെ സ്ഥിതിയും ഇതുതന്നെ. വരുന്ന ഐ.പി.സി. തെരഞ്ഞെടുപ്പിലും ഐ.പി.സിയിലെ കഴുതകൾ കള്ളൻമാരെ നേതൃസ്ഥാനത്തെത്തിക്കും.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ജെ.സി.ദേവ് പെന്തക്കോസ്തിൽ വന്നതിനേക്കുറിച്ച് ഡിഫെൻഡർ വിമർശിച്ച് എഴുതുന്നതായി ശ്രദ്ധയിൽ പെട്ടു. ഇതിൽ ഇത്ര വിമർശിക്കാൻ എന്തിരിക്കുന്നു? ദേവ് പെന്തക്കോസ്തിലേക്ക് മടങ്ങി വന്നത് ഏതായാലും നല്ല കാര്യമല്ലേ?

■ ആരെങ്കിലും പെന്തക്കോസ്തിലെത്തി എന്നു കേട്ടാലുടൻ സന്തോഷിക്കുന്ന വിഡ്ഢിയല്ല റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ. കാരണം, പെന്തക്കോസ്തിൽ ചേർന്നതുകൊണ്ട് ആരും നിത്യജീവൻ പ്രാപിക്കയില്ല എന്നതുതന്നെ. പെന്തക്കോസ്തിൽ ചേരുകയല്ല ക്രിസ്തുവിനോടു ചേരുകയാണ് വേണ്ടത്.

ഈ വിഷയം അല്പം കൂടി വിശദീകരിക്കാം. കത്തോലിക്കരുടെ വിശ്വാസപ്രമാണം അഞ്ചു ശതമാനം ശരിയും ബാക്കി തെറ്റുമാണ്. യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങളുടെ കാര്യവും ഇങ്ങനെതന്നെ. മാർത്തോമ്മായ്ക്ക് 50% മാർക്ക് കൊടുക്കാം. ഇവാൻജലിക്കൽ സഭയ്ക്ക് 80%, ബ്രദറൺ സഭയ്ക്ക് 90% എന്നിങ്ങനെയും മാർക്കിടാം. കേരളത്തിലെ പെന്തക്കോസ്ത് സഭകൾ 95% ശരിയായ ഉപദേശവും 5% ദുരുപദേശവുമാണ് പഠിപ്പിക്കുന്നത്. ഇത്രയും പറഞ്ഞപ്പോൾ പെന്തക്കോസ്ത് സഭയിൽ ഉള്ള ദുരുപദേശം എന്താണെന്ന് ചോദിച്ചേക്കാം. പറഞ്ഞുവരുന്ന വിഷയം അതല്ലാത്തതുകൊണ്ട് വിശദീകരിക്കുന്നില്ല. എങ്കിലും സൂചന മാത്രം തരാം.

പെന്തക്കോസ്ത് സംഘടനകൾ വചനവിരുദ്ധമാണ്. പ്രാദേശിക സഭകൾ മാത്രമാണ് ദൈവവചനത്തിലുള്ളത്. അവ കൂട്ടിച്ചേർത്ത് സംഘടന ഉണ്ടാക്കുന്നത് ശരിയല്ല. സംഘടനയുടെ നേതാവിന് ആത്മീയ അധികാരവുമില്ല. ഓർഡിനേഷന്റെ കാര്യത്തിലും പെന്തക്കോസ്ത് സഭകൾക്ക് തെറ്റി. ദൈവം തന്റെ വേലയ്ക്കായി വിളിച്ചവരെ, അവർ അംഗമായിരിക്കുന്ന പ്രാദേശിക സഭ അംഗീകരിക്കുന്ന ശുശ്രൂഷയാണ് ഓർഡിനേഷൻ. പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്നുവേണം കൈവെയ്ക്കുവാൻ.

ഇവാഞ്ചലിസ്റ്റ് മൂത്ത് പാസ്റ്ററാകുന്നതും പാസ്റ്റർ മൂത്ത് റവറണ്ടാകുന്നതും വചനത്തിനു പുറത്തുള്ള കാര്യമാണ്. പ്രാദേശിക സഭയിൽ ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. അവരുടെ അദ്ധ്യക്ഷനാണ് പാസ്റ്റർ അല്ലെങ്കിൽ ബിഷപ്പ്. (1തിമോ.3). ഇങ്ങനെ കുറച്ചധികം കാര്യങ്ങളുണ്ട്. ഇവയേക്കുറിച്ച് ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുള്ളതാണ്. ഇനി വിഷയത്തിലേക്ക് മടങ്ങിവരാം.

ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന വിവിധ ക്രൈസ്തവ ഉപദേശങ്ങളിൽ ദൈവവചനവുമായി ഏറ്റവും പൊരുത്തപ്പെടുന്നത് പെന്തക്കോസ്ത് ഉപദേശമാണ്. തെറ്റ് 5% മാത്രം. ദേവ് ഈ വിശ്വാസപ്രമാണങ്ങൾ അംഗീകരിക്കുന്ന വ്യക്തിയായിരുന്നു. അന്യഭാഷ പറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ പെന്തക്കോസ്തിലുള്ള ആരോടോ കലഹിച്ചു എന്ന കാരണത്താൽ ഈ വിശ്വാസം ത്യജിച്ച് ബ്രദറൺ ഉപദേശത്തിലേക്ക് തിരിഞ്ഞു. പെന്തക്കോസ്ത് ഉപദേശം തെറ്റായതുകൊണ്ടാണോ ദേവ് ബ്രദറൺ ഉപദേശം സ്വീകരിച്ചത്. അങ്ങനെയാണ് ദേവ് പറയുന്നതെങ്കിൽ ആ ചുവടുമാറ്റം ഉചിതമാണ്. പക്ഷേ ദേവ് അങ്ങനെ പറഞ്ഞിട്ടില്ല. പെന്തക്കോസ്തിൽ നിന്ന് വേദനാജനകമായ ചില അനുഭവങ്ങൾ ഉണ്ടായി എന്നും ഈ കാലത്ത് ബ്രദറുകാർ സഹായിച്ചു എന്നുമാണ് പറയുന്നത്. അറിഞ്ഞതും അനുഭവിച്ചതുമായ സത്യത്തെ ഇത്ര നിസ്സാരമായ കാരണം പറഞ്ഞ് തള്ളിക്കളഞ്ഞ ദേവ് നീചനാണെന്നതിന് രണ്ടു പക്ഷമില്ല.

നായർ കുടുംബത്തിൽ നിന്നും വിശ്വാസത്തിലെത്തിയ എന്നെ ഏറ്റവും അധികം പീഡിപ്പിച്ചത് പെന്തക്കോസ്തുകാരാണ്. ഏറ്റവും വലിയ പെന്തക്കോസ്ത് സഭയായ ഐ.പി.സിയുടെ ഏറ്റവും വലിയ നേതാവ് കള്ളക്കേസ്സു കൊടുത്ത് എന്നെ ഒരാഴ്ച ജയിലിൽ ഇട്ടു. എന്റെ മകൻ 11 ദിവസം ജയിലിൽ കിടന്നു. എന്നിട്ടും ഞാൻ പെന്തക്കോസ്ത് ഉപദേശ സത്യങ്ങളെ തള്ളിക്കളഞ്ഞില്ല. എന്തുകൊണ്ട്? ഞാൻ വീണ്ടും ജനനം പ്രാപിച്ചവനാണ്. ഞാൻ പുതിയ സൃഷ്ടിയാണ്. ക്രിസ്തുവാണ് എന്റെ തല. എനിക്ക് തല ഉപേക്ഷിച്ച് ജീവിക്കാനാവില്ല. ഈ ലോകം മുഴുവൻ തന്നാലും ഞാൻ അറിഞ്ഞ സത്യം തള്ളിക്കളയുകയില്ല. രക്ഷിക്കപ്പെട്ട ഏതു വ്യക്തിയും ഇങ്ങനെതന്നെ പറയും.

ദേവ് രക്ഷിക്കപ്പെട്ടവനായിരുന്നെങ്കിൽ അറിഞ്ഞ സത്യത്തിൽ ഉറച്ചു നിൽക്കുമായിരുന്നു. പെന്തക്കോസ്തിൽ ചിലർ പിണങ്ങിയെന്ന കാരണം പറഞ്ഞ് പരിശുദ്ധാത്മാവിനെ തള്ളിപ്പറഞ്ഞ ദേവ് അക്ഷന്തവ്യമായ പാപമാണ് ചെയ്തിരിക്കുന്നത്. ടി.എസ്.ഏബ്രഹാം എത്ര ഉമ്മ കൊടുത്താലും ആ പാപം തീരുകയില്ല. ഇതു പറയുന്നത് ഞാനല്ല, കർത്താവായ യേശുക്രിസ്തുവാണ്.

പരിശുദ്ധാത്മ സ്നാനത്തേക്കുറിച്ച് ഐ.പി.സി. എന്തു പറയുന്നു? അത് ഐ.പി.സിയുടെ ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. പരിശുദ്ധാത്മസ്നാനം പ്രാപിക്കുമ്പോൾ അന്യഭാഷാഭാഷണം എന്ന അടയാളം ഉണ്ടാകും എന്ന് സംശയത്തിന് ഇടയില്ലാത്ത വിധത്തിൽ പറയുന്നു. പെന്തക്കോസ്തിലേക്ക്, വിശേഷിച്ച് ഐ.പി.സിയിലേക്ക് മടങ്ങിവന്നു എന്നു പറയുന്ന ദേവ് ഇത് അംഗീകരിക്കുന്നുണ്ടോ? ദേവ് ഈ ചോദ്യത്തിന് മറുപടി പറയുകയില്ല. കാരണം ഇയാൾ കള്ളനാണ്. പണവും പ്രശസ്തിയും നേടാൻ വേണ്ടിയാണ് ഈ നീചൻ പെന്തക്കോസ്തിൽ മടങ്ങിയെത്തിയിരിക്കുന്നത്. അല്ലാതെ പെന്തക്കോസ്ത് വിശ്വാസപ്രമാണം ശരിയാണെന്നു വിശ്വസിക്കുന്നതുകൊണ്ടല്ല.

കഴിഞ്ഞ മുപ്പതു വർഷക്കാലം ദേവ് ബ്രദറുകാരോടൊപ്പം നിന്നു. അവരുടെ വിശ്വാസാചാരങ്ങൾക്ക് എതിരായി ഒരു വാക്കുപോലും പറഞ്ഞില്ല. ബ്രദറുകാർ കൊടുത്തതെല്ലാം സ്വീകരിച്ചു. ഇപ്പോഴിതാ അവരെ തള്ളിപ്പറഞ്ഞുകൊണ്ട് ഐ.പി.സിയിൽ എത്തിയിരിക്കുന്നു. വിശ്വാസ പ്രമാണത്തിന്റെ പേരിലല്ല ദേവ് ബ്രദറൺ സമൂഹത്തെ തള്ളിക്കളഞ്ഞതെന്ന് എന്റെ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. അത് അല്പം വിശദമായി പറയേണ്ട കാര്യമാണ്. അത് അടുത്ത ലക്കത്തിൽ പറയാം.

ഒരാൾ പെന്തക്കോസ്തിൽ ചേർന്നു എന്നു കേട്ടാൽ സന്തോഷിക്കുന്ന വിഡ്ഢിയല്ല ഞാൻ എന്ന് വീണ്ടും പറയട്ടെ. ഏതു ദുരുപദേശക്കാരനും ഒരു ഉപദേശവും ഇല്ലാത്തവനും പെന്തക്കോസ്തിൽ ചേരാം. അങ്ങനെ പെന്തക്കോസ്തിൽ ചേർന്നതുകൊണ്ട് നിത്യജീവൻ പ്രാപിക്കുകയില്ല. എന്നാൽ പെന്തക്കോസ്ത് ഉപദേശ സത്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഒരാൾ വന്നാൽ അത് സ്വീകാര്യമാണ്.

ദേവ് പെന്തക്കോസ്തിൽ എത്തിയത് വിശ്വാസസത്യങ്ങളുടെ പേരിലാണ് എന്ന് ദേവും ചില പെന്തക്കോസ്ത് മാദ്ധ്യമങ്ങളും പ്രചരിപ്പിക്കുന്നുണ്ട് എന്നത് ശരിതന്നെ. പക്ഷേ അതല്ല സത്യം. ദേവ് പെന്തക്കോസ്തിൽ എത്തിയതോടെ പെന്തക്കോസ്തിലെ കള്ളൻമാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. അതിൽ സന്തോഷിക്കാൻ എന്തിരിക്കുന്നു?

എല്ലാവിധ ഉപദ്രവങ്ങളും സഹിച്ച് വിശ്വാസ സത്യങ്ങൾക്കുവേണ്ടി നിലനിൽക്കുന്ന ആയിരക്കണക്കിനു വിശുദ്ധൻമാർ ഇന്നും കേരളത്തിലെ പെന്തക്കോസ്ത് സഭകളിലുണ്ട്. അവരെ ഞാൻ സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു. അത്തരക്കാരെ ബഹുമാനിക്കാനോ അവരേക്കുറിച്ച് ഒരു നല്ലവാക്കു പറയാനോ ഒരു പെന്തക്കോസ്ത് പത്രവും തയ്യാറാകുന്നില്ല. പരിശുദ്ധാത്മാവിനെ വിറ്റ് പായസം കുടിച്ച് ഏമ്പക്കവും വിട്ട് ഒരു നീചൻ വന്നപ്പോൾ അവനെ കെട്ടിപ്പിടിക്കുന്നു, ഉമ്മവെയ്ക്കുന്നു, വാഴ്ത്തിപ്പാടുന്നു. ഇതിനൊക്കെ ഓശാന പാടാൻ ടി.എസ്.ബാലനെ കിട്ടില്ല മാളോരേ.

# പെന്തക്കോസ്തിലെ 'ശവ'സംസ്ക്കാരം

പെന്തക്കോസ്തിൽ അന്ധവിശ്വാസങ്ങളോ അനാചാരങ്ങളോ ഇല്ല എന്നാണ് വെയ്പ്. തികച്ചും വചനാനുസൃതമായ കാര്യങ്ങൾ മാത്രമേ പെന്തക്കോസ്തിലുള്ളൂ എന്ന് ഏതു പെന്തക്കോസ്തുകാരനും ആണയിട്ടു പറയും. പക്ഷേ ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്തതും സമുദായങ്ങളിൽ നിന്ന് കടംകൊണ്ടതുമായ നിരവധി ദുരാചാരങ്ങൾ പെന്തക്കോസ്തിൽ ഉണ്ട്. ചില ഉദാഹരണങ്ങൾ ഇതാ:

ഇന്ന് പെന്തക്കോസ്തിൽ നിലനിൽക്കുന്ന ഓർഡിനേഷന് തിരുവചനത്തിൽ ആധാരമുണ്ടോ? ദൈവവേലയ്ക്കായി ദൈവം വിളിച്ചവരെ പ്രാദേശിക സഭയിലെ മൂപ്പൻമാർ കൈവച്ച് ഓർഡിനേഷൻ കൊടുക്കുന്ന രീതിയാണ് ദൈവവചനത്തിലുള്ളത്. സംഘടനയുടെ നേതാവ് കൈവച്ച് ഓർഡിനേഷൻ കൊടുക്കുന്ന രീതി സമുദായത്തിൽ നിന്നും കടം കൊണ്ടതാണ്.

ഏതെങ്കിലും ദൈവദാസൻ വിവാഹം നടത്തിക്കൊടുത്തതായി പുതിയനിയമത്തിലില്ല. പക്ഷേ ഓർഡിനേഷൻ ലഭിച്ച ശുശ്രൂഷകനു മാത്രമേ പെന്തക്കോസ്തിൽ വിവാഹം നടത്താൻ അധികാരമുള്ളൂ. പെന്തക്കോസ്ത് പാസ്റ്റർമാർ നടത്തുന്ന വിവാഹത്തിന് നിയമസാധുതയില്ല. എന്നിട്ടും ആ വിവാഹം നിയമാനുസൃതം രജിസ്റ്റർ ചെയ്യാൻ പെന്തക്കോസ്തുകാർക്ക് മനസ്സില്ല.

ശവസംസ്ക്കാര ശുശ്രൂഷയുമായി ബന്ധപ്പെട്ട് പെന്തക്കോസ്തിൽ നിലനിൽക്കുന്ന അനാചാരങ്ങളേക്കുറിച്ച് വിശദീകരിക്കുന്നതിന് ഒരു മുഖവുര എന്ന നിലയ്ക്ക് ഇത്രയും പറഞ്ഞെന്നേയുള്ളൂ. ഇനി വിഷയത്തിലേക്ക് കടക്കാം.

സമുദായങ്ങളിൽ പോലും ഇല്ലാത്ത ദുരാചാരങ്ങളാണ് ശവമടക്കുമായി ബന്ധപ്പെട്ട് പെന്തക്കോസ്തിലുള്ളത്. ശവം വച്ച് ആശംസ പറയുന്ന രീതി ഒരു സമുദായത്തിലും ഉള്ളതായി അറിവില്ല. അതേപ്പറ്റി പറയുന്നതിനു മുൻപായി മറ്റുചിലത് പറയാനുണ്ട്.

ശവമടക്ക് ശുശ്രൂഷ എന്നൊരു ശുശ്രൂഷയേപ്പറ്റി പുതിയ നിയമത്തിൽ എവിടെയാണ് പറയുന്നത് എന്ന് ഒരു പിടിയും കിട്ടുന്നില്ല. മാത്രമല്ല, ഏതെങ്കിലും ശുശ്രൂഷകൻ ശവമടക്ക് നടത്തിയതായും പുതിനിയമത്തിൽ കാണുന്നില്ല. ദൈവസഭയിൽ ശവമടക്ക് ശുശ്രൂഷ എന്നൊന്ന് ഇല്ല എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

ശവം സംസ്ക്കരിക്കേണ്ട എന്നല്ല ഈ പറഞ്ഞതിന്റെ അർത്ഥം. ശവം സംസ്ക്കരിക്കണം. എങ്ങനെ? അതിന് വിശേഷിച്ച് ഒരു നിയമമില്ല. കുഴിച്ചിടുന്നത് തെറ്റല്ല. ദഹിപ്പിക്കുന്നതും തെറ്റല്ല. കാരണം, ശവം ദഹിപ്പിക്കുന്നതിനെതിരായി ദൈവവചനത്തിൽ ഒരു വാക്കുപോലുമില്ല.

പള്ളിയുടെ വകയായ സെമിത്തേരിയിൽ ശവം അടക്കണമെന്ന് പ്രത്യക്ഷമായോ പരോക്ഷമായോ ദൈവവചനം പറയുന്നില്ല. ഒന്നാം നൂറ്റാണ്ടിൽ പള്ളിയും സെമിത്തേരിയും ഇല്ലായിരുന്നു എന്നും ഓർക്കണം.

സെമിത്തേരിയിൽ ശവം അടക്കുന്നില്ലെങ്കിൽ പിന്നെ എവിടെ അടക്കും എന്ന ചോദ്യമുയരുന്നു. ഉത്തരം ലളിതം: സെമിത്തേരിയില്ലാത്ത ഹിന്ദുക്കൾ എങ്ങനെയാണ് ശവം അടക്കുന്നത്? അവർ സ്വന്തം പറമ്പിൽ ശവമടക്കും. അതിന് സൗകര്യമില്ലാത്തവർ പൊതു ശ്മശാനത്തിൽ ശവം ദഹിപ്പിക്കയോ കുഴിച്ചിടുകയോ ചെയ്യും. ദൈവവചനം മാത്രം പ്രമാണമായി സ്വീകരിക്കുന്നവർക്ക് ഇതിനൊന്നും ബുദ്ധിമുട്ടുണ്ടാകയില്ല. പെന്തക്കോസ്ത് വിശ്വാസിയാണെന്ന് പറയുകയും വിട്ടാലും വിടാത്ത കമ്പിളിക്കെട്ടുപോലെ സമുദായാചാരം ഉള്ളിൽ സൂക്ഷിക്കയും ചെയ്യുന്നവർക്ക് ഇതൊന്നും അംഗീകരിക്കാൻ കഴിയില്ല.

ക്രിസ്ത്യാനികൾക്ക് ശവം സ്വന്തം പുരയിടത്തിൽ സംസ്ക്കരിക്കാൻ നിയമതടസ്സമുണ്ട് എന്നാണ് ചിലർ പറയുന്നത്? ഏതു നിയമത്തിലാണ് ഇങ്ങനെ പറയുന്നത്? അങ്ങനെയൊരു നിയമമുണ്ടെങ്കിൽ അതിനെതിരായി പോരാടണം. ഹൈക്കോടതിയിൽ ഒരു കേസ്സ് കൊടുത്താൽ ഇത്തരം നിയമങ്ങൾ ഇല്ലാതാകും. പക്ഷേ അങ്ങനെയൊരു നിയമം ഇല്ല എന്ന് അറിയുക.

സെമിത്തേരിക്കുവേണ്ടി എത്രയെത്ര കേസ്സുകളാണ് പെന്തക്കോസ്തുകാർ നടത്തിയിട്ടുള്ളത്. ഇതൊക്കെ ആത്മീയ പോരാട്ടത്തിന്റെ ഭാഗമായാണ് മിക്കവരും കണക്കാക്കുന്നത്. സെമിത്തേരിപ്രശ്നം ആത്മീയ പ്രശ്നമല്ല. ഉള്ളിൽ സമുദായാചാരങ്ങളുള്ളവർ സെമിത്തേരിപ്രശ്നം ആത്മീയവത്ക്കരിക്കയാണ് ചെയ്യുന്നത്.

ശവമടക്ക് ശുശ്രൂഷ എന്നൊരു ശുശ്രൂഷ ദൈവവചനത്തിൽ ഇല്ല എന്ന് പറഞ്ഞല്ലോ. ശവമടക്കാൻ ഓർഡിനേഷൻ ആവശ്യമുണ്ട് എന്നതും ഒരു തെറ്റിദ്ധാരണയാണ്. സെമിത്തേരിയിലാണ് ശവമടക്കുന്നതെങ്കിൽ സെമിത്തേരിയുടെ ഉടമസ്ഥന്റെ അനുവാദം വേണം. ഐ.പി.സിയുടെ വകയാണ് സെമിത്തേരിയെങ്കിൽ ഐ.പി.സിയുടെ അനുവാദം വേണം. ഐ.പി.സി. ഓർഡിനേഷൻ കൊടുത്തിട്ടുള്ള പാസ്റ്റർമാർക്കാണ് ഐ.പി.സി. ഈ അനുവാദം കൊടുത്തിട്ടുള്ളത്. അതുകൊണ്ടാണ് ഓർഡിനേഷനുള്ള പാസ്റ്ററുടെ അനുവാദം വേണ്ടിവരുന്നത്. ശവമടക്കാനും വിവാഹം നടത്താനും ഒക്കെ ഈ പാസ്റ്റർമാരെ സംഘടന ചുമതലപ്പെടുത്തിയിട്ടുണ്ട്. പക്ഷേ വിവാഹം നടത്താനും ശവമടക്കാനും സർക്കാർ ഇവരെ അധികാരപ്പെടുത്തിയിട്ടില്ല. ഒരു പെന്തക്കോസ്ത് സംഘടനയ്ക്കും ഇതിനൊന്നും അധികാരമില്ല.

പെന്തക്കോസ്തിൽ ഇപ്പോൾ എങ്ങനെയാണ് ശവമടക്ക് നടക്കുന്നത്? ശവം പെട്ടിയിൽ ആക്കി വെയ്ക്കുന്നു. ജനം ചുറ്റും കൂടിയിരുന്ന് പാടുന്നു. പ്രധാന പാസ്റ്റർ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നു. പാസ്റ്റർമാർക്കെല്ലാം പ്രത്യേക ഇരിപ്പിടമുണ്ട്. മൈക്ക് അനിവാര്യമാണ്. എല്ലാ പാസ്റ്റർമാരും പ്രസംഗിക്കും. വരുന്നവരെല്ലാം മരിച്ച വ്യക്തിയുടെ ഗുണഗണങ്ങൾ വാഴ്ത്തിപ്പാടും. പരമ ബോറ്. മണിക്കൂറുകൾ അങ്ങനെ ഇഴഞ്ഞു നീങ്ങും.

ആശംസയും അനുമോദനവും ഒക്കെ അവസാനിച്ചു കഴിഞ്ഞാൽ പ്രധാന ശുശ്രൂഷകൻ പ്രസംഗവധം ആരംഭിക്കും. അതും മണിക്കൂറുകൾ നീണ്ടെന്നു വരാം. ഒടുവിൽ എല്ലാവരും എഴുന്നേറ്റു നിന്ന് പാട്ടും പ്രാർത്ഥനും നടത്തും. ബൈബിളിൽ നിന്ന് കുറെ വാക്യങ്ങൾ നീട്ടിയും കുറുക്കിയും വായിക്കും.

ശവം സെമിത്തേരിയിൽ എത്തിയാലും സൊല്ല തീരില്ല. പാട്ട്, പ്രാർത്ഥന, പ്രസംഗം, നീട്ടിയും കുറുക്കിയും ഉള്ള ബൈബിൾ വായന തുടങ്ങിയവ ആവർത്തിക്കും. ഒടുവിൽ ശവം കുഴിയിൽ ഇറക്കും. ശുശ്രൂഷകൻ ഒരു കൈ മണ്ണ് കുഴിയിലിടും. തുടർന്ന് എല്ലാവരും ഓരോകൈ മണ്ണ് കുഴിയിലിട്ട് മടങ്ങും.

ബണ്ണ്, പഴം തുടങ്ങിയവ തിന്നുകയാണ് അടുത്ത പരിപാടി. എല്ലാവരും ആഘോഷപൂർവ്വം അതിൽ പങ്കെടുക്കും. തമാശകൾ പൊട്ടിക്കും. ആർത്തു ചിരിക്കും.

പ്രിയ ദൈവമക്കളേ, സഹിക്കാവുന്നതിന്റെ അങ്ങേയറ്റമാണിത്. ഈ ദുരാചാരങ്ങളൊക്കെ ഒന്നു നിർത്തിക്കൂടേ?

എന്റെ ശവമടക്ക് എങ്ങനെയായിരിക്കണം എന്ന് ഞാൻ എന്റെ കുടുംബാംഗങ്ങൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഞാൻ മരിച്ചുകഴിഞ്ഞാൽ ശവം മോർച്ചറിയിൽ വെയ്ക്കേണ്ടതായി വരും. കാരണം, ബന്ധുമിത്രാദികൾ പലരും ദൂരെനിന്ന് എത്താൻ സമയമെടുക്കും. ശവസംസ്ക്കാരം നടത്തുന്ന ദിവസം ശവം പൊതുദർശനത്തിന് വെയ്ക്കണം. മൈക്ക് ഉപയോഗിക്കുന്നത് നല്ലതാണ്. നന്നായി പാട്ടു പാടാൻ അറിയാവുന്നവർ ഉണ്ടെങ്കിൽ പ്രത്യാശയുടെ പാട്ടുകൾ പാടട്ടെ. ഇല്ലെങ്കിൽ ടേപ്പോ സി.ഡിയോ ഇട്ട് പാട്ട് കേൾപ്പിച്ചാലും മതിയാകും. ടി.എസ്.ബാലൻ എന്ന ഈയുള്ളവന് ഉള്ളതും ഇല്ലാത്തതുമായ ഗുണഗണങ്ങൾ വാഴ്ത്തിപ്പാടുന്ന ആശംസകളും അനുമോദനങ്ങളും പൂർണ്ണമായി ഒഴിവാക്കണം. സഭാനേതാക്കൻമാരെ പ്രസംഗിക്കാൻ അനുവദിക്കരുത്.

ബന്ധുമിത്രാദികളെല്ലാം എത്തിക്കഴിഞ്ഞാൽ അടുത്ത നടപടിയിലേക്ക് കടക്കാം. ഞാൻ അംഗമായിരിക്കുന്ന പ്രാദേശിക സഭയുടെ ശുശ്രൂഷകൻ അര മണിക്കൂറിൽ കുറയാത്തതും ഒരു മണിക്കൂറിൽ അധികമാകാത്തതുമായ ഒരു പ്രസംഗം നടത്തണം. രക്ഷ, മരണാനന്തര ജീവിതം തുടങ്ങിയവയേക്കുറിച്ച് ദൈവവചനം എന്തു പറയുന്നു എന്ന് സാധാരണക്കാരന് മനസ്സിലാകുന്ന ഭാഷയിൽ വിശദീകരിക്കണം. കേൾവിക്കാരെ ഈ ഭാഗ്യകരമായ പ്രത്യാശയിലേക്ക് ക്ഷണിക്കണം. അതിനായി പ്രാർത്ഥിക്കയും ചെയ്യണം. നീട്ടിയും കുറുക്കിയുമുള്ള ബൈബിൾ വായനയും മറ്റ് കലാപരിപാടികളും ഒഴിവാക്കണം.

ഞാൻ മരിക്കുമ്പോൾ എനിക്ക് കിടക്കാടമെങ്കിലും ഉണ്ടെങ്കിൽ ശവം അവിടെത്തന്നെ മറവുചെയ്യണം. അതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽ, അഥവാ എനിക്ക് കിടക്കാടംപോലും ഇല്ലെങ്കിൽ, സഭയുടെ സെമിത്തേരിയിൽ അടക്കാൻ ശ്രമിക്കാം. അതിനും ബുദ്ധിമുട്ടുണ്ടായാൽ മുനിസിപ്പാലിറ്റിയുടെ വകയായി പെരുമ്പാവൂരിലുള്ള പൊതു ശ്മശാനത്തിൽ ദഹിപ്പിക്കാം. ഗ്യാസ് ഉപയോഗിച്ച് ദഹിപ്പിക്കാൻ 1500 രൂപയേ ചെലവുണ്ടാകൂ. ശവം കുഴിച്ചിട്ടേ മതിയാകൂ എന്ന് എന്റെ കുടുംബാംഗങ്ങൾക്ക് നിർബ്ബന്ധമുണ്ടെങ്കിൽ ഇടുക്കി ജില്ലയിലുള്ള വണ്ടൻമേട്ടിലേക്ക് കൊണ്ടുപോകണം. അവിടെ ഞങ്ങളുടെ കുടുംബ സ്വത്തായ പറമ്പിൽ എന്റെ ശവം സംസ്ക്കരിക്കണം.

ശവം സംസ്ക്കരിക്കുമ്പോൾ ബൈബിൾ വായന, പ്രാർത്ഥന, കൈകൊണ്ടുള്ള മണ്ണിടൽ തുടങ്ങിയവ വേണ്ട. തൂമ്പാകൊണ്ട് മണ്ണിട്ടാൽ മതിയാകും. ശവമടക്ക് കഴിഞ്ഞ് ഒരു വിധത്തിലുള്ള ഭക്ഷണപാനീയങ്ങളും കൊടുക്കരുത്. ശവസംസ്ക്കാരത്തിൽ സംബന്ധിച്ച പാസ്റ്റർമാർക്ക് കൈമടക്ക് കൊടുക്കുന്ന പതിവും എന്റെ ശവസംസ്ക്കാരത്തിൽ ഒഴിവാക്കണം. ദൈവവചനത്തിൽ ആധാരമില്ലാത്ത ഒന്നും വേണ്ട എന്ന് ചുരുക്കം.

എന്റെ മരണം അപ്രതീക്ഷിതമായല്ല സംഭവിക്കുന്നതല്ലെങ്കിൽ, അതായത്, മരണാസന്നനായി ഞാൻ ചില ദിവസങ്ങളെങ്കിലും കിടക്കാൻ ഇടയായാൽ, ''മരിച്ചവർ എവിടെ'' എന്ന പേരിൽ ഞാൻ എഴുതിയ പുസ്തകത്തിന്റെ 1000 കോപ്പി പ്രിന്റ് ചെയ്ത് സൂക്ഷിക്കണം. രക്ഷ, മരണാനന്തരജീവിതം, നിത്യത തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഞാൻ നടത്തിയിട്ടുള്ള പ്രസംഗങ്ങൾ അടങ്ങുന്ന ഒരു എം.പി.3 സി.ഡി. തയ്യാറാക്കി കോപ്പിയെടുക്കണം. ശവസംസ്ക്കാരത്തിൽ സംബന്ധിക്കാൻ വരുന്നവർക്ക് ഈ പുസ്തകവും സി.ഡിയും സൗജന്യമായി കൊടുക്കണം.

# നാഗാലാന്റ് സ്മരണകൾ

ഒരു ക്രിസ്ത്യൻ സംസ്ഥാനമെന്നറിയപ്പെടുന്ന നാഗാലാന്റിൽ നിലനിൽക്കുന്ന ദയനീയമായ മദ്യസംസ്ക്കാരത്തിന്റെ ഉത്തരവാദിത്വം വലിയൊരളവ് ഏറ്റെടുക്കേണ്ടത് അവിടെത്തെ സഭാനേതാക്കന്മാരാണ്. കുറെ ഉപരിപ്ലവങ്ങളായ ഉപദേശങ്ങൾ കൊടുക്കുന്നതിലും തകർപ്പൻ പ്രസംഗങ്ങൾ ചെയ്യുന്നതിലും മാത്രമാണ് ഇവർക്ക് താല്പര്യം. ക്രിസ്ത്യാനിത്വത്തിന്റെ മഹനീയ അനുഭവങ്ങളിലേയ്ക്ക് ജനത്തെ ഇറക്കുവാൻ ഇവർക്കാവുന്നില്ല. എന്തിനേറെപ്പറയുന്നു, ഇവരുടെ മക്കൾക്കുപോലും നല്ലവഴി കാണിച്ചുകൊടുക്കുവാൻ ഇവർക്കു കഴിയുന്നില്ല. നാഗാലാന്റിലെ വഴിപിഴിച്ച മക്കളിൽ വലിയൊരു പങ്ക് സഭാ നേതാക്കന്മാരുടെ സന്തതികളാണ്.

ചെറുപ്പത്തിൽത്തന്നെ കുട്ടികൾ വെറ്റിലമുറുക്ക് ആരംഭിക്കും. Pan-എന്നാണ് വെറ്റില പാക്കിന് പേർപറയുക. വെറ്റില മുറുക്ക് ഒരു തെറ്റേ അല്ല എന്ന ഭാവമാണ് പൊതുവെയുള്ളത്. മുറുക്കിൽ നിന്നും പുകവലിയിലേയ്ക്ക് കടക്കും. ഇക്കാര്യത്തിൽ ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ല. ഏറെത്താമസിയാതെ ഇതൊന്നും പോരായെന്നുവരും. ചിലർ മധു കുടിക്കാൻ ആരംഭിക്കും. പക്ഷേ ഇക്കാലത്ത് മയക്കുമരുന്നിലേയക്കു തിരിയുന്നവരാണധികവും. മയക്കുമരുന്നെന്നു പറഞ്ഞാൽ അത്ര കഠിനമായതൊന്നുമായിരിക്കില്ല ആരംഭത്തിൽ. ചുമയ്ക്കുള്ള ഏതെങ്കിലും മരുന്നുവാങ്ങി 100 മില്ലിയോളം ഒറ്റവലിക്കു കുടിക്കും. ഫെൻസിഡിൽ, ബെനാഡ്രിൽ, കോറെക്സ് തുടങ്ങിയവയ്ക്കാണ് പ്രിയം. അതല്ലെങ്കിൽ ഉറക്കഗുളികയോ, ഉറക്കം വരാതിരിക്കാനുള്ള ഗുളികയോ വാങ്ങി കുറച്ചധികമെണ്ണം അങ്ങു വിഴുങ്ങും. തലവേദനയ്ക്കും മറ്റും നാം വാങ്ങുന്ന ഏതെങ്കിലും ഗുളിക പത്തോ പതിനഞ്ചോ എണ്ണം ഒന്നായി കഴിച്ചാലും മതി. ക്രമേണ അളവു കൂട്ടേണ്ടിവരും. ശരീരത്തിന് ഇവയെ പ്രതിരോധിക്കാനും സഹിക്കാനുമുള്ള കഴിവ് കൂടുന്നതാണ് കാരണം. അവസാനം മരുന്നുകൊണ്ടും ഗുളികകൊണ്ടും ഒന്നും മതിയാകാതെ വരും. അതോടെ പലരും ബ്രൗൺ ഷുഗറിലേയ്ക്ക് തിരിയും. ഹെറോയിൻ എന്നവെളുത്ത പൊടിയിൽ മറ്റു മാലിന്യങ്ങൾ കൂട്ടിച്ചേർത്ത് ഉണ്ടാക്കുന്നതാണിത്. ഹെറോയിന്റെ അളവിലുണ്ടാകുന്ന ഏറ്റകുറച്ചിലനുസരിച്ച് ഇതിന്റെ വീര്യത്തിലും വ്യത്യാസമുണ്ടാകും. ആദ്യകാലങ്ങളിൽ ഇതു ചൂടാക്കിയുണ്ടാക്കുന്ന പുക ശ്വസിക്കയാണു ചെയ്യുക. പക്ഷേ കുറച്ചു പുക നഷ്ടമാകുമെന്ന ദോഷമുണ്ടുതാനും. ഈ നഷ്ടം പരിഹരിക്കാനും കൂടുതൽ വീര്യം ലഭിക്കാനുമായി ഇതു വെള്ളത്തിൽ കലക്കി ചൂടാക്കിയിട്ട് സ്വയം കുത്തിവയ്ക്കുന്നു. കുറച്ചുകാലത്തിനുള്ളിൽ കുത്താൻ സ്ഥലമില്ലാതാകും. അപ്പോൾ വിഷപ്പാമ്പിനെക്കൊണ്ട് നാവിൽ കൊത്തിക്കുക, തേളിനെക്കൊണ്ട് കുത്തിക്കുക തുടങ്ങിയവയിലേയ്ക്കു കടക്കും. പക്ഷേ മിക്കവർക്കും ഇതിന്റെ ആവശ്യം വരാറില്ല. അതിനു മുൻപേ മരിച്ചുകഴിഞ്ഞിരിക്കും.



സങ്തം ഗോത്രക്കാരായ നാഗൻമാരുടെ നൃത്തം

എയ്ഡ്സിന്റെ വരവോടെ കാര്യം കൂടുതൽ എളുപ്പമായിരിക്കയാണ്. കുത്തിവയ്ക്കാനുള്ള സൂചി പലരും മാറിമാറി ഉപയോഗിക്കുന്നതുവഴി എയ്ഡ്സ് പകരുന്നു. ഇപ്പോൾത്തന്നെ, നാഗാലാന്റ്, മണിപ്പൂർ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ പ്രശ്നം വളരെ ഗുരുതരമായിക്കഴിഞ്ഞിരിക്കയാണ്. വരുന്ന ഏതാനും വർഷങ്ങൾക്കുള്ളിൽ നാഗാലാന്റിലെ യുവജനങ്ങളിൽ നല്ലൊരുപങ്ക് എയ്ഡ്സ് രോഗികളായിക്കഴിഞ്ഞിരിക്കും.

കൂട്ടുകെട്ടുകളിൽ അകപ്പെട്ട് വഴിതെറ്റിയവർ, മാതാപിതാക്കളെ അനുസരിക്കാത്തവർ തുടങ്ങിയവരെയൊക്കെയാണ് ഹോസ്റ്റലിൽ ആക്കുന്നത്. ഇത്തരക്കാരെ നിയന്ത്രിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ഇരുപതും ഇരുപത്തിയഞ്ചും വയസ്സുള്ളവർ വരെയുള്ള കുട്ടികൾ ഇക്കൂട്ടത്തിൽ ഉണ്ടാകുമെന്നും ഓർക്കണം.

ഹോസ്റ്റലിലെ പെൺകുട്ടികളെ നിയന്ത്രിക്കാൻ ഒരു ആവോ സ്ത്രീയെ ആക്കി. അവർ മിക്ക സമയത്തും ഹോസ്റ്റലിൽ ഉണ്ടാവില്ല. വാർത്താവിതരണമാണ് മുഖ്യതൊഴിൽ. വെറ്റില മുറുക്കുകയെന്നത് ഉപതൊഴിലും. മുറുക്കുക മാത്രമല്ല സ്കൂൾ ഭിത്തിയിലെല്ലാം തുപ്പുകകൂടി ചെയ്യും. ഭിത്തിയിൽ തുപ്പുകയെന്നത് ഇവരുടെ മാത്രമല്ല എല്ലാ നാഗന്റേയും സ്വഭാവമാണ്. (കേരളീയരായ നമ്മൾ മുറ്റത്തും പെരുവഴിയിലുമെല്ലാം തുപ്പുന്നത് ഒരു വ്രതമാക്കിയിരിക്കയാണല്ലോ. അതുപോലൊരു വഷളൻ സ്വഭാവമാണിതും). കുട്ടികളെ നിയന്ത്രിക്കേണ്ടതെങ്ങനെയെന്ന് ഇവർക്കറിഞ്ഞുകൂടാ. അതുകൊണ്ട് മിക്ക പ്രശ്നങ്ങളിലും ഞാൻ ഇടപെട്ടേ മതിയാകു.

ആൺകുട്ടികളെ നോക്കാനുമുണ്ട് ഒരാൾ. ആവോക്കാരൻ തന്നെ. ആവശ്യത്തിലധികം മിടുക്കുണ്ട് എന്നതാണ് ഇദ്ദേഹത്തിന്റെ കുഴപ്പം. അനാവശ്യമായി വഴക്കുണ്ടാക്കും. എന്തു പ്രശ്നത്തിലും കയറി ഇടപെട്ടു കുളമാക്കും.

ഹോസ്റ്റലിലേയ്ക്കു വേണ്ട പച്ചക്കറിയും മറ്റും വാങ്ങാനായി ഒരു ആവോ കിഴവിയെ നിയമിച്ചു. നിരക്ഷരയാണ്. എങ്കിലും കണക്കുകൂട്ടാനറിയാം. ദിവസവും എന്റെയടുക്കലെത്തി ആവശ്യമുള്ള പണം വാങ്ങും. ചന്തയിൽ ചെന്ന് സാധനങ്ങൾ വാങ്ങിക്കൊണ്ടുവന്ന് കണക്കുതരുന്നതോടെ ജോലി തീരും. പക്ഷേ അവർ അവിടംകൊണ്ട് അവസാനിപ്പിക്കയില്ല. പാചകക്കാരേയും വിളമ്പുകാരേയുമെല്ലാം ഭരിക്കും. നന്നായി ജോലി ചെയ്തില്ലെങ്കിൽ പിരിച്ചുവിടുമെന്നു ഭീഷണിപ്പെടുത്തും. ഹോസ്റ്റലിലെത്തി വാർഡനേയും കുട്ടികളേയും ഗുണദോഷിക്കും. ഉഴപ്പെടുത്താൽ ഡിസ്മിസ്സ് ചെയ്യുമെന്നും അറിയിക്കും. കുട്ടികളിൽ ചിലരെങ്കിലും പരിഹസിച്ചു ചിരിക്കയോ വായിൽ തോന്നിയതെന്തെങ്കിലും പറയുകയോ ചെയ്യും. ഉടൻതന്നെ, കലിതുള്ളിക്കൊണ്ട് എന്റെ അടുത്തെത്തും. ആ കുട്ടികളെ ഉടൻ ഡിസ്മിസ് ചെയ്യണമെന്ന് ആവശ്യപ്പെടും. ഞാൻ ചില ആശ്വാസവാക്കുകളൊക്കെ പറഞ്ഞ് പ്രശ്നം പരിഹരിക്കും.

മന്ത്രിയുടെ ഭാര്യയാണ് ഇവരെ നിയമിച്ചത്. അതുകൊണ്ട് അവർ കൊഹീമയിൽ നിന്നെത്തിയാലുടൻ ചെന്നു കാണും. ജോലിക്കാർ ജോലി ചെയ്യുന്നില്ല, കുട്ടികൾ അനുസരണയില്ലാത്തവരാണ്, വാർഡന്മാർക്ക് കഴിവില്ല, അഡ്മിനിസ്ട്രേറ്ററായ ഞാൻ വേണ്ടത്ര സ്ട്രിക്റ്റല്ല തുടങ്ങിയ പരാതികൾ അറിയിക്കും. മറ്റു പ്രാദേശിക വാർത്തകളും യഥാവിധി ധരിപ്പിക്കും. അവർ ഒരാൾ മാത്രമേ വേണ്ടതെല്ലാം വേണ്ടപ്പോൾ ചെയ്യുന്നുള്ളു എന്നതാണ് പറയുന്നതിന്റെ ചുരുക്കം.

മാസത്തിലൊരിക്കലാണ് ഞാൻ മന്ത്രിക്ക് കണക്കു കൊടുക്കേണ്ടത്. എല്ലാം കൃത്യമായി എഴുതി കൊടുക്കുകയെന്നത് ശ്രമകരമായ ഒരു പണിയായിരുന്നു. എങ്കിലും ഞാൻ വീഴ്ചയൊന്നും വരുത്താതെ ഇതു ചെയ്തുവന്നു.

ഏതാനും ആഴ്ചകൾക്കകം തന്നെ ആൺകുട്ടികളുടെ വാർഡൻ കുട്ടികളുമായി പിശകിലായി. ഇവരിൽ ഭൂരിപക്ഷം വാർഡനെ മാറ്റണമെന്ന അഭിപ്രായക്കാരായിരുന്നു. മേല്പടി പച്ചക്കറിത്തള്ളയ്ക്കും വാർഡനെ ഇഷ്ടമില്ലായിരുന്നു. അതുകൊണ്ട് അവരും അതിനെ അനുകൂലിച്ചു. എന്തിനേറെ പറയുന്നു, വാർഡൻ ഔട്ട്. പകരം ആരെയും നിയമിച്ചുമില്ല. കുഴഞ്ഞതു ഞാൻ തന്നെ. കാരണം, ഞാൻ ചെയ്യേണ്ട പണികൾ പലതാണ്. അഡ്മിനിസ്ട്രേറ്റർ, വാർഡൻ, പ്രിൻസിപ്പാൾ, ഒരു ടീച്ചർ, ടൈപ്പിസ്റ്റ്, ക്ലാർക്ക് ഇത്രയും പേർ ചെയ്യേണ്ട പണികളെല്ലാം ഒറ്റയ്ക്കു ചെയ്തുവെന്നു പറഞ്ഞാൽ വീരസ്യം പറയുകയാണെന്നു ചിന്തിക്കരുത്. സത്യമാണ്. പക്ഷേ ശമ്പളം പഴയതു തന്നെ.

സെന്റ് ആന്റണീസ് സ്കൂൾ എന്ന പേര് പഴയ പ്രിൻസിപ്പാൾ ഇട്ടതാണ്. അയാളോടുള്ള വിരോധം കൊണ്ട് പേരു മാറ്റാൻ മന്ത്രി തീരുമാനിച്ചു. കേംബ്രിഡ്ജ് സ്കൂൾ എന്നാക്കാമെന്ന് ഞാൻ അഭിപ്രായപ്പെട്ടതു മന്ത്രിക്കും സ്വീകാര്യമായി. അങ്ങനെ വിശുദ്ധനെ പുറംതള്ളി സ്കൂൾ കേംബ്രിഡ്ജ് ആയി.

ബഹുമുഖമായ ഈ ജോലികൾ ചില മാസങ്ങൾ ചെയ്തതോടെ ഞാൻ മടുത്തു. ട്യൂഷനെടുക്കാൻ സമയമില്ല. ശമ്പളത്തിൽ മന്ത്രി മാറ്റമൊന്നും വരുത്തുന്ന ലക്ഷണവും കാണുന്നില്ല. എല്ലാം സഹിച്ച് ഇത്രയും ജോലി ചെയ്താലും ഒടുവിൽ എന്തെങ്കിലും കുറ്റം അവർ കണ്ടുപിടിക്കുമെന്ന അവസ്ഥയുമായി. ശമ്പളം കൂട്ടിത്തന്നില്ലെങ്കിലും നല്ല കുറെ വാക്കുകളെങ്കിലും കിട്ടിയിരുന്നെങ്കിൽ എനിക്കു തൃപ്തിയാകുമായിരുന്നു. പക്ഷേ അതുണ്ടായില്ല. അതുകൊണ്ട് ജോലിഭാരം അല്പം കുറയ്ക്കണമെന്നു ഞാൻ നിശ്ചയിച്ചു.

മദ്ധ്യവേനലവധിക്കാലത്ത് അതിനുള്ള അവസരം ലഭിച്ചു. സ്കൂളിൽ ഒരു ഭൂമിശാസ്ത്ര ടീച്ചറെ ആവശ്യമുണ്ടെന്ന് ഞാൻ മന്ത്രിയെ അറിയിച്ചു. അതനുസരിച്ച് മന്ത്രി കൊഹീമയിൽനിന്നും ഒരു പഞ്ചാബിയെ കൊണ്ടുവന്നു. സയൻസാണ് അദ്ദേഹം പഠിച്ച വിഷയം. ജോഗ്ര ഫിയെപ്പറ്റി ഒരു പിടിയും അങ്ങേർക്കില്ല. B.Sc ക്കാരുടെ എണ്ണം കൂടുംതോറും സ്കൂൾ നല്ലതാകുന്നു എന്നതാണ് മന്ത്രി മനസ്സിലാക്കിയിരിക്കുന്ന തത്ത്വം. ഇപ്പോൾത്തന്നെ ആവശ്യത്തിലധികം സയൻസുകാരുണ്ടെന്നും നമുക്ക് വേണ്ടത് ജോഗ്രഫിക്കാരനേയാണെന്നുമെല്ലാം ഞാൻ പറഞ്ഞു നോക്കി. ഫലമുണ്ടായില്ല. അങ്ങനെ ശ്രീമാൻ S.K. ബേഡി നിയമിതനായി.

ഇങ്ങനെയൊരു പടപ്പിനെ ഞാൻ ആദ്യമായി കാണുകയാണ്. അയാളെപ്പറ്റി വിവരിക്കാൻ തുടങ്ങിയാൽ ഈ അദ്ധ്യായം വളരെ നീണ്ടുപോകും. അതുകൊണ്ട് അതിന് തുനിയുന്നില്ല. കൊഹീമയിൽ അയാൾ പഠിപ്പിച്ചുകൊണ്ടിരുന്ന സ്കൂളിൽ നിന്നും കുട്ടികളുടെ അടി വാങ്ങിയിട്ടാണ് അവിടം വിട്ടതെന്നു പിന്നീട് ഞാൻ അറിഞ്ഞു. വന്ന ദിവസം മുതൽ അയാൾക്ക് സ്കൂളിലെ അധികാര സ്ഥാനങ്ങളിലേതിലെങ്കിലും കയറിപ്പറ്റണമെന്ന ആഗ്രഹമുദിച്ചു. ഇതുതന്നെ നല്ല അവസരമെന്ന് എനിക്കും തോന്നി. അഡ് മിനിസ്ട്രേറ്ററായിരിക്കുവാൻ എന്നെക്കാൾ യോഗ്യൻ ബേഡിയാണെന്നും ഞാൻ ഹോസ്റ്റലിന്റെ ചുമതല മാത്രം നോക്കിക്കൊള്ളാമെന്നും മന്ത്രിയെ അറിയിച്ചു. വളരെ നിർബന്ധിച്ച് ഒരു വിധം സമ്മതിപ്പിച്ചു. ആവശ്യമായ ഓർഡറുണ്ടാക്കി മന്ത്രിയുടെ ഒപ്പും വാങ്ങി. സ്കൂൾ കാര്യത്തിൽ ഞാൻ ഇടപെടുകയില്ലെന്നും ഹോസ്റ്റൽ ഭരണത്തിൽ ബേഡി ഇടപെരുതെന്നും ഓർഡറിൽ ഞാൻ പ്രത്യേകം ചേർത്തിരുന്നു. അങ്ങനെ ജോലിഭാരം പകുതി കുറഞ്ഞു. (ശമ്പളം പഴയപടി തന്നെ).

ബേഡിക്കും സന്തോഷമായി. മഹാനായ തനിക്ക് അർഹിക്കുന്ന പദവി കിട്ടിയെന്ന മട്ടിലായിരുന്നു ഭാവവും സംഭാഷണവും. കാര്യങ്ങൾ തൽക്കാലം അങ്ങനെതന്നെയിരിക്കട്ടെയെന്ന് ഞാനും തീരുമാനിച്ചു.

# ചവർ ഇപ്പോഴും മേല്പടി തന്നെ

എന്നെ തല്ലേണ്ടമ്മാവാ, ഞാൻ നന്നാകില്ല എന്ന് നല്ലവനായ ഒരു മരുമകൻ പറഞ്ഞതു പോലെയാണ് ചവറിന്റെ കാര്യം. കുറെ പരിഹസിച്ചാലെങ്കിലും കെ.സി.ജോൺ ചാനൽ നന്നാക്കുമെന്നു കരുതിയാണ് കഴിഞ്ഞ ലക്കങ്ങളിൽ ചിത്രങ്ങൾ സഹിതം ചാനലിനേക്കുറിച്ച് എഴുതിയത്. പക്ഷേ കെ.സി.ജോണിന്റെ തൊലിക്കട്ടി അപാരമായതുകൊണ്ട് അതൊന്നും ഗുണം ചെയ്തില്ല. ചാനൽ ഇപ്പോഴും പഴയപടി തന്നെ തുടരുന്നു.

ചാനൽ തുടങ്ങിയ ദിവസം മുതൽ കാണിക്കുന്ന ആൽബങ്ങൾ ഇപ്പോഴും കാണാം. ദിവസം ഒരുവട്ടമല്ല, നൂറുവട്ടം. നല്ലത് എന്ന് പറയാവുന്ന ഒരു പ്രോഗ്രാം പോലും നാളിതുവരെ ഈ ചാനലിൽ സംപ്രേക്ഷണം ചെയ്തിട്ടില്ല. ദുരുപദേശങ്ങളും വിവരക്കേടുകളും പരമ ബോറുകളുമാണ് ആകെയുള്ള കൈമുതൽ. ഇങ്ങനെയൊരു ചാനൽ നടത്തുന്നതുകൊണ്ട് ആർക്കെങ്കിലും പ്രയോജനമുണ്ടെങ്കിൽ അത് കെ.സി.ജോണിനും കൂട്ടർക്കും മാത്രമാണ്.

## ഇമ്മിണി വലിയ ടി

അറിയപ്പെടുന്ന പലരും ഡയറി എഴുതുന്ന ശീലമുള്ളവരാണെന്ന് കേട്ടപ്പോൾ ബ്രഹ്മദത്തൻ നമ്പൂതിരിക്കും ഡയറി എഴുതാൻ മോഹമുദിച്ചു. അങ്ങനെ ഡയറി വാങ്ങി. ജനുവരി ഒന്നാം തീയതി വൈകിട്ട് അന്നത്തെ കാര്യങ്ങൾ വിശദമായി ഡയറിയിൽ എഴുതി:

''ബ്രാഹ്മ മുഹൂർത്തത്തിൽ എഴുന്നേറ്റു. കുളിയും തേവാരവും കഴിഞ്ഞ് പ്രാതൽ കഴിച്ചു. നന്നായൊന്ന് മുറുക്കി. കാര്യസ്ഥൻ രാമനോടൊപ്പം വയലിൽ പോയി. ഉച്ചയ്ക്ക് മടങ്ങിയെത്തി ഊണുകഴിച്ചു. വീണ്ടും മുറുക്കി. അതുകഴിഞ്ഞ് ഒരു ഉറക്കം പാസ്സാക്കി. നാലുമണിക്ക് ഉണർന്നു. കാപ്പി കുടിച്ചു. അമ്പലപ്പറമ്പിൽ പോയി. വെടിവട്ടം കഴിഞ്ഞ് കുളിച്ച് ക്ഷേത്രദർശനവും കഴിഞ്ഞ് മടങ്ങിയെത്തി. അത്താഴം കഴിച്ചു. മുറുക്കി. ഇനി ഉറങ്ങണം. ശുഭം''.

രണ്ടാം ദിവസം ഡയറി എഴുതാൻ എടുത്തപ്പോൾ ഒരു പ്രശ്നം. കഴിഞ്ഞ ദിവസം ചെയ്തതൊക്കെത്തന്നെയാണ് അന്നും ചെയ്തത്. അത് വീണ്ടും വിശദീകരിച്ച് എഴുതേണ്ട ആവശ്യമില്ല. അതുകൊണ്ട് ടി എന്ന് മാത്രം എഴുതി. ആധാരം എഴുത്തു ഭാഷയിൽ ടി എന്നു പറഞ്ഞാൽ മേല്പടി എന്ന് അർത്ഥം. മുകളിൽ പറഞ്ഞത് എന്ന് മനസ്സിലാക്കണം. അനാവശ്യ ആവർത്തനം ഒഴിവാക്കാൻ ടി ഉപകരിക്കും.

മൂന്നാം ദിവസവും ടി തന്നെ. അങ്ങനെ ഒരു മാസം മുഴുവൻ ടി എഴുതി. അങ്ങനെ രണ്ടാമത്തെ മാസമെത്തി. ഒന്നാം തീയതി ഒരു വലിയ ടി എഴുതി. കഴിഞ്ഞ മാസത്തേപ്പോലെതന്നെ ഈ മാസവും എന്നർത്ഥം. ഓരോ മാസവും ഒന്നാംതീയതി ഇങ്ങനെ ഓരോ വലിയ ടി എഴുതി. അങ്ങനെ ആ വർഷം തികച്ചു.

അടുത്ത വർഷവും ഡയറിയെഴുത്ത് തുടർന്നു. ഡയറിയുടെ പുറത്ത് ഒരു വലിയ ടി എഴുതി. കഴിഞ്ഞ വർഷത്തേപ്പോലെ തന്നെ ഈ വർഷവും എന്ന് അർത്ഥം. ഒരു വർഷത്തെ ഡയറിയെഴുത്ത് ഒരു വലിയ ടിയിൽ ഒതുക്കി. ഞാനും ഡയറി എഴുതുന്നുണ്ട് എന്ന് ആരോടും ധൈര്യമായി പറയാം. സംഗതി സത്യവുമാണ്. പക്ഷേ ഡയറിയിൽ ആകെക്കൂടിയുള്ളത് ഒരു ടി മാത്രം.

കെ.സി.ജോണിന്റെ ചാനൽ ഇമ്മിണി വലിയ ഒരു ടി ആണ്. ഒന്നാമത്തെ ദിവസം ചിലതൊക്കെ കാണിച്ചു. പിറ്റേന്ന് അതു തന്നെ കാണിച്ചു. കഴിഞ്ഞ മൂന്നര മാസമായി അതുതന്നെ സംപ്രേക്ഷണം ചെയ്യുന്നു. ഇനി അതുതന്നെ കാണിക്കയും ചെയ്യും. റവ.കെ.സി.ജോൺ എന്നതിനു പകരമായി ബ്ര.കെ.സി. ജോൺ എന്നാക്കാം. ബ്ര എന്നത് ബ്രദർ എന്നല്ല (സാക്ഷാൽ ബ്രായുമല്ല) ബ്രഹ്മദത്തൻ എന്നതിന്റെ ബ്രായാണ്.

കെ.സി.ജോണിന് നാണമില്ലേ എന്ന് ചോദിക്കുന്നില്ല. കാരണം നാണമെന്നാൽ എന്തെന്ന് കെ.സിക്ക് അറിയില്ലല്ലോ.

## പി. സി. ചെറിയാൻ വിവരക്കേടു പറയുന്നു

പി.സി.ചെറിയാൻ എന്നു പറഞ്ഞാൽ ചർച്ച് ഓഫ് ഗോഡിലെ എന്തൊക്കെയോ ആയ പി.സി.ചെറിയാൻ. ഈ മഹാ പണ്ഡിതൻ പുവത്തൂരിൽ ഈയിടെ നടത്തിയ ഒരു പ്രസംഗത്തിന്റെ ചില ഭാഗങ്ങൾ ചവർ ചാനലിൽ സംപ്രേക്ഷണം ചെയ്തിരുന്നു. വിവരക്കേടുകളുടെ ഘോഷയാത്രയായിരുന്നു ആ പ്രസംഗം എന്ന് ദു:ഖത്തോടെ പറയട്ടെ. ദൈവവചനത്തിലെ മുത്തുകൾ എന്ന ഭാവത്തിൽ ജനം അത് ഏറ്റെടുക്കുന്നതുകൂടി കണ്ടപ്പോൾ ഇതിനെതിരേ പ്രതികരിക്കാതെ പറ്റില്ല എന്നു ബോധ്യമായി.

ഇരുട്ടിലിരുന്ന ജനം വലിയൊരു വെളിച്ചം കണ്ടു എന്ന വാക്യത്തിലാണ് ആരംഭം. പക്ഷേ അവിടെനിന്ന് യേശുക്രിസ്തുവിന്റെ വംശാവലിയിലേക്ക് കടന്നു. അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി.

എന്തുകൊണ്ട് വംശാവലി അബ്രഹാമിൽ തുടങ്ങി? എന്തുകൊണ്ട് ആദത്തിൽ തുടങ്ങിയില്ല? അതിനുള്ള ഉത്തരം ചെറിയാൻ പറയുന്നു: അബ്രഹാം എല്ലാം വിട്ട് യൂഫ്രട്ടീസ് നദി കടന്നു. അതുകൊണ്ട് വംശാവലി അബ്രഹാമിൽ തുടങ്ങി.

എന്താണ് ശരിയായ കാരണം? മത്തായി സുവിശേഷം എഴുതിയത് യഹൂദൻമാർക്കുവേണ്ടിയാണ്. അതുകൊണ്ടാണ് വംശാവലിയോടെ ആരംഭിച്ചത്. അബ്രഹാം തങ്ങളുടെ പിതാവാണ് എന്നതിൽ യഹൂദൻമാർ അഭിമാനിച്ചിരുന്നു. അതുകൊണ്ട് അവർ വംശാവലികൾ അബ്രഹാമിൽ തുടങ്ങിയിരുന്നു. യഹൂദൻമാർക്ക് സുവിശേഷമെഴുതിയ മത്തായി യേശുവിന്റെ വംശാവലി അബ്രഹാം മുതൽ തുടങ്ങിയത് ഈ കാരണത്താലാണ്. അബ്രഹാം യൂഫ്രട്ടീസ് കടന്നതുമായി ഇതിന് ബന്ധമില്ല. മാത്രമല്ല, യവനർക്ക് സുവിശേഷമെഴുതിയ ലൂക്കോസ് യേശുവിന്റെ വംശാവലി ആദം മുതൽ പറയുന്നുമുണ്ട്.

അബ്രഹാമിൽ നിന്ന് നേരേ ദാവീദിലേക്ക് ചാടിയതിനേക്കുറിച്ചാണ് മറ്റൊരു വ്യാഖ്യാനം. ഇടയ്ക്കുള്ള ആരും കൊള്ളാവുന്നവരല്ല എന്നാണ് ചെറിയാന്റെ പക്ഷം. പക്ഷേ ഇടയ്ക്കുള്ളവരെ പേരെടുത്ത് പറയുന്നുണ്ട് എന്ന വസ്തുത ചെറിയാൻ കണ്ടില്ലെന്നു നടിക്കുന്നു. ദാവീദിന്റെ കുറെ മഹത്വം വർണ്ണിക്കയാണ് പിന്നീട് ചെയ്യുന്നത്. ഇങ്ങനെയൊന്നും വ്യാഖ്യാനിക്കാനുള്ള കാര്യം അവിടെയില്ല. ദാവീദിന്റെ സന്തതിയായി മിശിഹ പിറക്കുമെന്ന് യഹൂദർ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് യേശു ദാവീദിന്റെ സന്തതിയാണെന്ന് മത്തായി വംശാവലിയിലൂടെ തെളിയിക്കുന്നത്.

ദാവീദ് അഞ്ചു കല്ലെടുത്തതിനും വിചിത്രമായ വ്യാഖ്യാനമുണ്ട്. ഫെലിസ്ത്യർക്ക് അഞ്ചു ദേവൻമാരുണ്ടായിരുന്നതുകൊണ്ടാണ് അഞ്ചു കല്ലെടുത്തത് എന്നത്രേ ചെറിയാൻ പറയുന്നത്. ഒരു കല്ല് മാത്രമേ എറിഞ്ഞുള്ളൂ. അപ്പോൾ ദാവീദ് നാലു ദേവൻമാരെ വെറുതെ വിട്ടു എന്നുകൂടി വ്യാഖ്യാനിക്കേണ്ടതായിരുന്നു.

ബാബേൽ പ്രവാസത്തേക്കുറിച്ചാണ് അടുത്ത വ്യാഖ്യാനം. രാജാവ് 60 മുഴം ഉയരമുള്ള പ്രതിമയുണ്ടാക്കി. എല്ലാവരും സ്തോത്രം പറഞ്ഞോട്ടെ. (എന്തിനാണാവോ സ്തോത്രം പറയുന്നത്?) ആ പ്രതിമയെ നമസ്ക്കരിക്കാതെ ഭക്തൻമാർ പിടിച്ചുനിന്നു. അതുകൊണ്ടാണ് ബാബേൽ പ്രവാസത്തിന്റെ കാര്യം വംശാവലിയിൽ ഉൾപ്പെടുത്തിയത്, ചെറിയാൻ പറയുന്നു. ഇതൊക്കെ കേൾക്കുമ്പോൾ ചിരിക്കണോ കരയണോ എന്ന കാര്യത്തിലേ സംശയമുള്ളൂ.

വംശാവലിയും മറ്റും സംഖ്യകളുമായി ബന്ധിച്ചു പറയുന്നത് യഹൂദൻമാരുടെ രീതിയായിരുന്നു. അബ്രഹാം മുതൽ യേശു വരെയുള്ള വംശാവലി 14 എന്ന സംഖ്യയുമായി ബന്ധപ്പെടുത്തി പറയാൻ മത്തായി ശ്രമിച്ചത് ഈ കാരണത്താലാണ്. അങ്ങനെ ചെയ്തപ്പോൾ ചിലരുടെയൊക്കെ പേര് മത്തായി ഒഴിവാക്കുകപോലും ചെയ്തു. സംശയമുള്ളവർ രാജാക്കൻമാരുടെ പുസ്തകവും ഈ വംശാവലിയുമായി ഒത്തുനോക്കുക.

എന്താണ് ചെറിയാനു പറ്റിയത്? ദൈവവചനത്തിൽ കാര്യമായ അറിവൊന്നുമില്ലാത്ത ചെറിയാന് മുളക്കുഴയിൽ നിന്നും കിട്ടിയ അല്പജ്ഞാനം മാത്രമാണ് കൈമുതൽ. അതോടൊപ്പം സ്വന്തം ഭാവനാവിലാസവും കൂടി ചേർത്തപ്പോൾ അത്യുഗ്രൻ വ്യാഖ്യാനമായി. കേൾക്കുന്നവർക്കും വിവരമില്ലാത്തതുകൊണ്ട് ആരും ചോദ്യം ചെയ്യുന്നില്ല. അങ്ങനെയാണ് ചെറിയാൻ വചനപണ്ഡിതനും അത്യുഗ്രൻ പ്രസംഗകനും ഒക്കെ ആയി മാറിയത്.

ഈ വിവരക്കേട് ഇനി അനുവദിച്ചുകൂടാ. വചനത്തിന് ദുർവ്യാഖ്യാനം കൊടുത്ത് എല്ലാപൊട്ടും തിരിയാത്തവരെ വഞ്ചിക്കുന്നത് കൈയ്യുംകെട്ടി നോക്കി നിൽക്കാൻ ഡിഫെൻഡറിന് സാദ്ധ്യമല്ല. ദൈവവചനം വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന് ചെറിയാൻ എത്രയും വേഗം പഠിക്കണം. ഡിഫെൻഡറിന് പണിയുണ്ടാക്കി വെയ്ക്കരുത്.

## തമ്പിയും ഈറ്റില്ലവും

അർത്ഥം എന്തുതന്നെ ആയാലും അല്പം കഠിനമായ പദങ്ങൾ ഉപയോഗിച്ചാൽ എല്ലാം ആയി എന്ന് കരുതുന്നവർ നിരവധിയുണ്ട്. പെരുമ്പാവൂർ ഐ.പി.സി. ശുശ്രൂഷകനായ തമ്പിക്ക് ഇത്തരത്തിലുള്ള ഒരു അമളി പറ്റി. പാസ്റ്റർ കെ.എം.ജോസഫുമായി തമ്പി ചവർ ചാനലിൽ നടത്തിയ ഒരു അഭിമുഖത്തിലാണ് ഈ മണ്ടത്തരം കടന്നുകൂടിയത്.

കെ.എം.ജോസഫിന്റെ മഹത്വം വർണ്ണിക്കുന്നതിനിടയിൽ തമ്പി പറഞ്ഞത് ഇപ്രകാരമാണ്: ''ക്രിസ്ത്യാനിത്തത്തിന്റെ ഈറ്റില്ലമായ കോട്ടയത്തുനിന്നും കെ.എം.ജോസഫ് പെരുമ്പാവൂരിലെത്തി''. മണിയടി ഉഗ്രൻ. പക്ഷേ ഒരു സംശയം: ക്രിസ്ത്യാനിത്തത്തിന്റെ ഈറ്റില്ലം കോട്ടയമാണോ?

ഈറ്റില്ലം എന്നു പറഞ്ഞാൽ ജൻമഗൃഹം. ക്രിസ്ത്യാനിത്തത്തിന്റെ ജൻമസ്ഥലം യെരൂശലേമാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. കേരളത്തിലെയോ ഇന്ത്യയിലെയോ ക്രിസ്ത്യാനിത്തത്തിന്റെ ജൻമസ്ഥലമെന്ന അർത്ഥത്തിലാണ് പറയുന്നതെങ്കിലും ഈ പ്രസ്താവന ശരിയല്ല. കാരണം, കോട്ടയത്തല്ല കേരളത്തിലേയോ ഇന്ത്യയിലേയോ ക്രിസ്ത്യാനിത്തം ജനിച്ചത്.

അങ്ങനെയെങ്കിൽ തമ്പി ഇങ്ങനെ പറഞ്ഞതെന്തിന്? അർത്ഥം അറിയാതെ ഈറ്റില്ലം എന്ന വാക്ക് ഉപയോഗിച്ചു എന്നുമാത്രം. ഏറെ ക്രിസ്ത്യാനികളുള്ള സ്ഥലം എന്നേ തമ്പി പറയുന്ന ഈറ്റില്ലത്തിന് അർത്ഥമുള്ളൂ. ദൈവസ്നേഹത്തേക്കുറിച്ചു പ്രസംഗിച്ചപ്പോൾ ഒരാൾ ''നരഭോഗികളെ നരസ്നേഹികളാക്കുന്ന ദൈവസ്നേഹം'' എന്ന് ഘനത്തിൽ പറഞ്ഞതുപോലെയാണിതും.

തമ്പിയോട് ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്: അച്ചായനെ മണിയടിക്കുന്നത് നിർത്തിയിട്ട് ദൈവവചനവും മലയാള ഭാഷയും വസ്തുനിഷ്ഠമായി പഠിക്കുക. അഭിമുഖ വധവും മറ്റും നടത്തി ഷൈൻ ചെയ്യുന്നത് അതു കഴിഞ്ഞു മതി.

## ദുരുപദേശ പ്രചരണം പൊടിപൂരം

ചവർ ചാനൽ ദുരുപദേശപ്രചരണം പൂർവ്വാധികം ശക്തിയായി നടത്തുകയാണിപ്പോൾ. സത്യ സുവിശേഷം പ്രചരിപ്പിക്കാനെന്ന പേരിൽ വ്യാപകമായ പണപ്പിരിവ് നടത്തി സാധുക്കളായ ദൈവമക്കളെ കെ.സി.ജോൺ വഞ്ചിക്കയായിരുന്നു. പെന്തക്കോസ്തുകാർ ദുരുപദേശമായി കണക്കാക്കുന്നതെല്ലാം ഈ ചാനലിലുണ്ട്. സംശയമുള്ളവർ ചാനൽ കണ്ട് ബോദ്ധ്യപ്പെടുക.

ചാനലിലെ പ്രധാന ഐറ്റം പാട്ടാണ്. പാട്ടെന്നു പറഞ്ഞാൽ ആൽബം. കത്തോലിക്കർ ഉണ്ടാക്കിയ ആൽബങ്ങളിൽ എന്തൊക്കെ ഉണ്ടാകുമെന്ന് വിശേഷിച്ച് പറയേണ്ടതില്ല. വിഗ്രഹാരാധന, ശവക്കല്ലറയിൽ പ്രാർത്ഥന, മെഴുകുതിരി കത്തിക്കൽ തുടങ്ങിയതെല്ലാം ഈ ആൽബങ്ങളിലുണ്ട്. രക്ഷിക്കപ്പെടുക എന്നു പറഞ്ഞാൽ എന്താണെന്നുപോലും അറിയാത്തവരാണ് ഈ പാട്ടുകൾ എഴുതിയത്. പാടുന്നവരും അഭിനയിക്കുന്നവരും മേല്പടി തന്നെ. സർവ്വാഭരണ വിഭൂഷിതരായ പെൺകുട്ടികളും ഹിപ്പി വേഷത്തിലുള്ള യുവാക്കളും മറ്റും. പെന്തക്കോസ്തുകാർക്ക് എങ്ങനെ സ്വീകാര്യരാകും?

ക്രൈസ്തവ സമുദായങ്ങൾ ദുരുപദേശമാണ് പഠിപ്പിക്കുന്നതെന്ന് പെന്തക്കോസ്ത് ഉപദേശിമാർ പ്രസംഗിക്കുന്നു. ഇത് വിശ്വസിച്ച് ഇറങ്ങിത്തിരിച്ചവർ ഈ ചാനൽ കണ്ടാൽ എന്തുതോന്നും? ദുരുപദേശമെന്ന് പറഞ്ഞ് അവർ ത്യജിച്ചതെല്ലാം ഇതാ ചാനലിൽ നിറഞ്ഞു നിൽക്കുന്നു. ഇതെന്തു കഥ?

കുടുംബഗീതം എന്നൊരു പരിപാടിയുണ്ട്. പണമുള്ള ആരുടെയെങ്കിലും വീട്ടിൽ ചെന്ന് അര മണിക്കൂർ കിന്നാരം പറയുന്നതാണിത്. ഇത്ര വലിയ ഒരു ബോറ് ഒരു മലയാളം ചാനലിലും ഉള്ളതായി അറിവില്ല. വീട്ടുകാർ രക്ഷിക്കപ്പെട്ടവരാണോ എന്ന് ചോദ്യമില്ല. പണമുണ്ടോ എന്നതു മാത്രമാണ് ഏക മാനദണ്ഡം. ചെറ്റക്കുടിലിൽ താമസിക്കുന്ന ആരേയും നാളിതുവരെ ഈ പരിപാടിയിൽ അവതരിപ്പിച്ചിട്ടില്ല. പണമില്ലാത്തവന്റെ കുടുംബവും കുടുംബഗീതവും ആർക്കു വേണം? (ഒരു സംശയം: ഈ പരിപാടി നടത്തുന്ന ആ പെങ്കൊച്ച് രക്ഷിക്കപ്പെട്ടതാണോ?)

എന്തിനാണ് ഇങ്ങനെയൊരു ചാനൽ നടത്തുന്നതെന്ന് ഒരു പിടിയും കിട്ടുന്നില്ല. ഇത് എത്രനാൾ നടത്തിക്കൊണ്ടു പോകാൻ പറ്റുമെന്നും പറയാനാവില്ല. ഇത് എത്രയും വേഗം നിർത്തുന്നോ അത്രയും നന്ന്.

RNI No. 68089 / 97
2006 May 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# ഐ.പി.സിയിൽ ഇനി എന്തു നടക്കും?

ഐ.പി.സിയിൽ ഇനി എന്തു നടക്കും എന്നു ചോദിച്ചാൽ ''എന്തും നടക്കും'' എന്ന ഉത്തരമേ പറയാനാവൂ. അത്ര ഗുരുതരമാണ് ഐ.പി.സിയിലെ സ്ഥിതി.

ഐ.പി.സിയുടെ ജനറൽ ഇലക്ഷൻ അടുത്തെത്തിയിരിക്കുന്നു. ഏതു വഴിയിലൂടെയായാലും വേണ്ടില്ല അധികാരം കൈപ്പിടിയിൽ ഒതുക്കണം എന്ന ലക്ഷ്യവുമായി അധികാരമോഹികൾ രംഗത്തെത്തിക്കഴിഞ്ഞു. ടി. എസ്.ഏബ്രഹാമിന് ഇനി മത്സരിക്കാൻ പറ്റില്ല. അതുകൊണ്ട് ഐ. പി.സിയുടെ ജനറൽ പ്രസിഡന്റ് ആകാൻ ചിലരൊക്കെ കരുനീക്കം ആരംഭിച്ചു കഴിഞ്ഞു. കെ. എം.ജോൺ ആണ് ഒരു ഭൈമീകാമുകൻ. കിരീടാവകാശിയായ വത്സൻ ഏബ്രഹാമാണ് മറ്റൊരു അധികാരമോഹി.

കെ.ഇ.ഏബ്രഹാമാണ് ഐ.പി.സി. സ്ഥാപിച്ചതെന്ന നുണ കുറച്ചധികം കാലമായി പ്രചാരത്തിലുണ്ട്. ഒട്ടേറെ ആളുകൾ അത് വിശ്വസിച്ചിട്ടുമുണ്ട്. അതുകൊണ്ട് വത്സനാണ് ജനറൽ പ്രസിഡന്റാകാൻ എന്തുകൊണ്ടും യോഗ്യൻ എന്ന് ധരിക്കുന്നവർ ഏറെയുണ്ട്. ഭരണപരിചയവും മറ്റും ഉയർത്തിക്കാട്ടിയാണ് കെ. എം.ജോൺ പ്രസിഡന്റ് പദത്തിന് അവകാശവാദമുന്നയിക്കുന്നത്.

ജനറൽ സെക്രട്ടറി സ്ഥാനത്ത് ആരു വരുമെന്ന് പറയാറായിട്ടില്ല. കെ.സി.ജോൺ ആ കസേരയിൽ നോട്ടമിട്ടിട്ടുണ്ട്. ജോർജ് ഉമ്മനും ഇത്തരം ഒരു മോഹം ഉണ്ടായെന്നു വരാം. വേറെ ആരെങ്കിലും പ്രത്യക്ഷപ്പെടാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.

വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കും ചിലരൊക്കെ നോട്ടമിട്ടിട്ടുണ്ട്. ജോർജ് ഉമ്മൻ, ബഞ്ചമിൻ വർഗീസ്, എം.വി.വർഗീസ് തുടങ്ങിയവരുടെ പേരുകളാണ് പ്രധാനമായും പറഞ്ഞു കേൾക്കുന്നത്.

ജോസഫ് താന്നിക്കൽ ജനറൽ ട്രഷറർ സ്ഥാനത്തുനിന്നും വിരമിക്കുന്നതിനാൽ ആ കസേരയ്ക്കും പിടിവലി ഉണ്ടായേക്കാം. ഡോ.ജോർജ് തോമസിന് പണ്ട് ഈ കസേരയോട് പ്രണയമുണ്ടായിരുന്നു. ഇപ്പോഴത്തെ സ്ഥിതി അറിഞ്ഞുകൂടാ. പഴയ ട്രഷറാർ ആയ തോമസ് വടക്കേക്കുറ്റും നിലപാട് വ്യക്തമാക്കിയിട്ടില്ല.

കേരള സ്റ്റേറ്റ് ലവലിൽ എന്നും കടുത്ത മത്സരമുണ്ടാകാറുണ്ട്. കെ.എം.ജോസഫ് പ്രസിഡന്റാകാൻ റെഡിയായി ഇരിക്കയാണ്. ജോർജ് ഉമ്മന് ഇങ്ങനെയൊരു മോഹമുണ്ടോ എന്ന് അറിഞ്ഞുകൂടാ. കെ.സി.തോമസ് വീണ്ടും മത്സരിച്ചേക്കാം. എതിരാളി ഉണ്ടാകാനും ഇടയുണ്ട്. ഫിലിപ്പ് പി. തോമസ് വീണ്ടും ഗോദയിൽ ഇറങ്ങുമോ എന്ന് വ്യക്തമല്ല.

വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, ട്രഷറാർ തുടങ്ങിയ സ്ഥാനങ്ങളിലേക്കും മത്സരമുണ്ടാകാം. കൂടാതെ, ജനറൽ കൗൺസിൽ, സ്റ്റേറ്റ് കൗൺസിൽ തുടങ്ങിയവയിൽ കയറിപ്പറ്റാൻ പാസ്റ്റർമാരും വിശ്വാസികളും പതിനെട്ടടവും പയറ്റുമെന്നതിന് സംശയമില്ല. ചുരുക്കത്തിൽ ഐ. പി.സി. ഒരു യുദ്ധക്കളമാകാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്.

കെ.പി.കുര്യനെ ഐ.പി. സിയിൽ നിന്നും പുറത്താക്കിക്കഴിഞ്ഞു. പക്ഷേ അതിനെതിരേ കുര്യൻ കൊടുത്ത കേസ്സ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. അതുപോലെ, ഏബ്രഹാം ഷാജിയെ നിലവിലുള്ള കൗൺസിലിൽ നിന്നും പുറത്താക്കുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും വിലക്കുകയും ചെയ്തിട്ടുണ്ട്. ജോസഫ് ഏബ്രഹാമിനെ ഐ.പി.സിയിൽ നിന്നും പുറത്താക്കിക്കൊണ്ട് ചില മാസങ്ങൾക്കു മുൻപ് പുറപ്പെടുവിച്ച ഉത്തരവ് പിൻവലിച്ചിട്ടില്ല. ഇവരിൽ ആരെങ്കിലും നോമിനേഷൻ കൊടുത്താൽ സ്വീകരിക്കുമോ? സ്വീകരിക്കാതിരുന്നാൽ അത് പ്രശ്നമാകില്ലേ?

കെ.ഇ.ഏബ്രഹാമിന്റെ മകൻ എന്ന ഏക യോഗ്യതകൊണ്ടാണ് വ്യഭിചാരിയും തട്ടിപ്പുകാരനുമായ ടി.എസ്.ഏബ്രഹാം ഇത്രക്കാലവും ഐ.പി.സിയുടെ നേതാവായി വിലസുകയും ഹെബ്രോൻ ബംഗ്ലാവിൽ താമസിക്കുകയും ചെയ്യുന്നത്. കസേര നഷ്ടപ്പെട്ടാലും ബംഗ്ലാവ് വിട്ടുകൊടുക്കില്ല എന്ന നിലപാടിലാണ് ടി.എസ്.ഏബ്രഹാം. ബംഗ്ലാവ് മാത്രമല്ല ഹെബ്രോൻ കോമ്പൗണ്ട് മുഴുവൻ തന്നെ കൈയ്യടക്കാനാണ് ടി. എസ്.ഏബ്രഹാം പദ്ധതിയിടുന്നത്. ഇതിനെതിരെ പോരാടാൻ ജോസഫ് താന്നിക്കലും കൂട്ടരും തയ്യാറെടുത്തു കഴിഞ്ഞു.

ഐ.പി.സിയുടെ ശുശ്രൂഷകൻമാർ, ഭാരവാഹികൾ തുടങ്ങിയ പരിഗണനയിൽ ഐ.പി. സിയുടെ കെട്ടിടങ്ങളിൽ താമസിക്കുന്നവർ പദവികൾ ഒഴിയുമ്പോൾ കെട്ടിടങ്ങൾ ഒഴിയണമെന്ന് ഐ.പി.സിയുടെ ഭരണഘടനയിൽത്തന്നെ എഴുതിവെച്ചിട്ടുണ്ട്. പക്ഷേ ടി.എസ്.ഏബ്രഹാം സകല നിയമത്തിനും അതീതനാണല്ലോ. അതുകൊണ്ട് എന്തു തോന്ന്യാസവും ആകാം. ഐ.പി. സിയുടെ ഹെബ്രോൻ ബൈബിൾ കോളേജ് തട്ടിയെടുത്തതും ഐ. പി.സിയുടെ ബൈബിൾ കോളേജിന് ലഭിച്ച പണം തട്ടിയെടുത്തതും മറ്റും ചരിത്രമാണല്ലോ. സുനാമി ദുരിതാശ്വാസത്തിന് ഐ. പി.സിക്ക് ലഭിച്ച ഒരുലക്ഷം ഡോളർ ഒറ്റ രാത്രികൊണ്ട് കെ.ഇ.ഏബ്രഹാം ഫൗണ്ടേഷന്റെ വകയായതും മറക്കാറായിട്ടില്ല. ഒരു ബൈബിൾ മാത്രം പിതൃസ്വത്തായി ലഭിച്ച ടി.എസ്.ഏബ്രഹാം ഇന്ന് അനേകകോടി രൂപയുടെ അധിപനാണ്. സാക്ഷാൽ യൂദാസുപോലും ചെയ്യാനറയ്ക്കുന്ന വൃത്തികേടുകൾ കാണിച്ച് സമ്പാദിച്ചതാണ് ഈ പണം.

ഹെബ്രോൻ പുരത്തുതന്നെ ടി.എസ്.ഏബ്രഹാമിന് കോടികൾ വിലമതിക്കുന്ന സ്ഥലവും കെട്ടിടവുമുണ്ട്. സ്ഥാനം ഒഴിയുമ്പോൾ അവിടേക്ക് മാറി താമസിക്കാവുന്നതാണ്. പക്ഷേ ഈ തട്ടിപ്പുവീരൻ അതു ചെയ്യുമെന്ന് തോന്നുന്നില്ല. ഹെബ്രോൻ ബംഗ്ലാവിൽ നിന്ന് ഇയാളുടെ ശവമേ പുറത്തേയ്ക്ക് എടുക്കൂ.

കെ.പി.കുര്യനെ ആമല്ലൂർ സഭയുടെ പാഴ്സനേജിൽ നിന്ന് ഇറക്കാൻ ടി.എസ്.ഏബ്രഹാം സകല അടവും പയറ്റുകയാണ്. കുര്യൻ ഇപ്പോൾ ആമല്ലൂർ സഭയുടെ ശുശ്രൂഷകനല്ല എന്നതാണ് കാരണമായി പറയുന്നത്. ഇതേ ന്യായം വെച്ച് ടി.എസ്. ഏബ്രഹാമിനേയും ഹെബ്രോൻ ബംഗ്ലാവിൽ നിന്ന് പുറത്താക്കണം.

ഐ.പി.സി. കള്ളൻമാരുടെ ഗുഹയായിക്കഴിഞ്ഞു. ആട്ടിൻതോലിട്ട ചെന്നായ്ക്കളാണ് അവിടെ അധികാരം കൈയ്യാളുന്നത്. പാവപ്പെട്ട വിശ്വാസികളും സാധാരണക്കാരായ ശുശ്രൂഷകൻമാരും ഇതൊന്നും അറിയുന്നില്ല. ഐ.പി.സി. എന്നത് സാക്ഷാൽ ദൈവസഭയാണെന്നും ഐ.പി. സിയുടെ നേതാക്കൻമാർ ദൈവദാസൻമാരാണ് എന്നുമത്രേ ഇവർ ധരിച്ചു വെച്ചിരിക്കുന്നത്.

## വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ



വിശ്വാസികളും ശുശ്രൂഷകന്മാരും അറിഞ്ഞിരിക്കേണ്ട എല്ലാ ഉപദേശ വിഷയങ്ങളും ഉൾക്കൊള്ളുന്ന സി.ഡി.കൾ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്നു. MP3 ഫോർമാറ്റിൽ 10 ഓഡിയോ സി.ഡി.കൾ പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 120 മണിക്കൂർ ദൈർഘ്യമുള്ള ബൈബിൾ സ്റ്റഡിയാണിത്.

### സി.ഡികളുടെ ഉള്ളടക്കം

**C.D.-1.** രക്ഷയെ ബാധിക്കുന്ന അടിസ്ഥാനവേദോപദേശങ്ങളാണ് ഈ സി.ഡിയിൽ ഉണ്ടാകുക. രക്ഷ, വിശ്വാസ സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങിയ വിഷയങ്ങളെല്ലാം ഉണ്ടാകും.

**C.D.-2.** കൾട്ടുകളെക്കുറിച്ചുള്ള പഠനമാണ് രണ്ടാമത്തെ സി.ഡി.യിൽ ഉണ്ടാകുക. യഹോവ സാക്ഷികൾ, ശാബതുകാർ, മോർമോൺ ക്രിസ്റ്റാഡെൽഫിയൻ, ക്രിസ്ത്യൻ സയൻസ് തുടങ്ങിയ പ്രധാനകൾട്ടുകളെക്കുറിച്ചെല്ലാമുള്ള പഠനങ്ങൾ ഉണ്ടാകും.

**C.D.-3.** ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് മൂന്നാമത്തെ സി.ഡി.യുടെ ഉള്ളടക്കം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ദുരാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി തിരിച്ചാണ് പഠനം നടത്തുക. ആത്മവിവശത, ഹിപ്നോട്ടിസം, യോഗാഭ്യാസം, പ്രാണിക് ഹീലിംഗ് തുടങ്ങിയവയെക്കുറിച്ചുള്ള പഠനങ്ങളും ഉണ്ടാകും.

**C.D.-4.** നാലാമത്തെ സി.ഡയിൽ ദുരുപദേശങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് ഉൾപ്പെടുത്തുക. ദൈവസഭയെ തകർക്കാനായി സാത്താൻ പ്രചരിപ്പിക്കുന്ന പ്രധാനപ്പെട്ട ദുരുപദേശങ്ങളെല്ലാം ഈ സി.ഡി.യിൽ പഠനവിധേയമാക്കും.

**C.D.-5.** പ്രധാനപ്പെട്ട ലോക മതങ്ങളെക്കുറിച്ചുള്ള വിശദമായ പഠനങ്ങളായിരിക്കും അഞ്ചാമത്തെ സി.ഡി.യുടെ ഉള്ളടക്കം. ഹിന്ദുമതം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്കുമതം തുടങ്ങിയവയെല്ലാം ഉണ്ടാകും. അന്യമതങ്ങളിൽ വിശ്വസിക്കുന്നവരോട് സുവിശേഷം അറിയിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ സി.ഡി. സഹായകമാകും.

**C.D.-6.** ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന വിഷയമാണ് ആറാമത്തെ സി.ഡി.യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യേശു പറഞ്ഞ ഉപമകൾ ഉൾപ്പെടെയുള്ള നിരവധി വ്യാഖ്യാനപ്രശ്നങ്ങൾ പഠനവിധേയമാക്കുന്നതാണ്.

**C.D.-7.** ഭാവികാല ശാസ്ത്രത്തെക്കുറിച്ചുള്ള വിശദമായ പഠനമാണ് ഏഴാമത്തെ സി.ഡി.യിൽ ഉണ്ടാകുക. സ്വർഗ്ഗം, നരകം, പാതാളം തുടങ്ങിയ വിഷയങ്ങളോടൊപ്പം ദാനിയേൽ പ്രവചനം, വെളിപ്പാട് പുസ്തകം എന്നിവയുടെ വ്യാഖ്യാനങ്ങളും ഉണ്ടാകും.

**C.D.-8, 9, 10.** ബൈബിളുമായി ബന്ധപ്പെട്ട നൂറുകണക്കിന് സംശയങ്ങൾക്ക് ഉചിതമായ മറുപടി പറയാൻ കഴിയാതെ വിശ്വാസികളും ശുശ്രൂഷകന്മാരും കുഴയാറുണ്ട്. ഇത്തരം പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ് 8,9,10 എന്നീ സി.ഡി.കളിൽ ഉണ്ടാകുക.

വില: ഓരോ സി.ഡിക്കും 100 രൂപ വീതം
10 സി.ഡി. അടങ്ങുന്ന ഒരു സെറ്റിന് – 900 രൂപ

കൂടുതൽ വിവരങ്ങൾക്ക്: 94474 14608

മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് തുടങ്ങിയവ അയയ്ക്കേണ്ട വിലാസം:

റ്റി.എസ്.ബാലൻ
ആനന്ദ് ഭവൻ, പെരുമ്പാവൂർ പി.ഒ., എറണാകുളം.
പിൻ 683 542

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan